പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിമൂന്നാമത് റിപ്പോർട്ട്

(2015 ജൂലൈ 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2001-2003) യുടെ രണ്ടാമത് റിപ്പോർട്ടിലെ (ശബരിമല തീർത്ഥാടനകാലത്ത് ശബരിമലയിലും പരിസരപ്രദേശത്തും പരിസ്ഥിതി മലിനീകരണനിയന്ത്രണത്തിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**പതിമൂന്നാമത് റിപ്പോർട്ട്**

(2015 ജൂലൈ 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2001-2003) യുടെ രണ്ടാമത് റിപ്പോർട്ടിലെ
(ശബരിമല തീർത്ഥാടനകാലത്ത് ശബരിമലയിലും പരിസരപ്രദേശത്തും
പരിസ്ഥിതി മലിനീകരണനിയന്ത്രണത്തിന് സ്വീകരിച്ച
നടപടികൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച്]**

802/2015.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 2 |
| അദ്ധ്യായം III : | ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശം | .. | 26 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ജൂൺ മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 18.

# റിപ്പോർട്ട്

## അദ്ധ്യായം I

തീർത്ഥാടനകാലത്ത് വളരെയധികം ഭക്തജനങ്ങൾ എത്തിച്ചേരുന്ന ഭാരതത്തിലെ അപൂർവ്വം ആരണ്യക്ഷേത്രങ്ങളിൽ ഏറ്റവും പ്രചുരപ്രചാരം സിദ്ധിച്ച ക്ഷേത്രമാണ് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രം. മണ്ഡല മകരവിളക്കുകാലത്ത് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിന് ഭക്തന്മാരാണ് ക്ഷേത്രത്തിന്റെ പ്രശസ്തി വർദ്ധിക്കുന്നതി നനുസരിച്ച് ഇവിടേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. ഭക്തജനത്തിരക്ക് വർദ്ധിക്കുന്നതി നനുസരിച്ച് പരിസ്ഥിതി പ്രശ്നങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേരള നിയമസഭയുടെ പരിസ്ഥിതി സമിതി നിലവിൽ വന്നതിനുശേഷം ശബരിമലയുടെ പരിപാവനത നിലനിർത്തിക്കൊണ്ട് തന്നെ അവിടത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിരവധി ശ്രമങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ നിരവധി ശിപാർശകൾ ഉൾപ്പെടുത്തികൊണ്ട് അഞ്ച് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. ശബരിമല തീർത്ഥാടനകാലത്ത് ശബരിമലയിലും പരിസരപ്രദേശത്തും പരിസ്ഥിതി മലിനീകരണനിയന്ത്രണത്തിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സമിതി (2001-03) ശബരിമലയും പരിസരപ്രദേശങ്ങളും സന്ദർശിക്കുകയും 2001-ലെ തീർത്ഥാടന കാലത്ത് അടിയന്തരമായും നടപ്പാക്കേണ്ട 22 ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഇടക്കാല റിപ്പോർട്ട് 17-10-2001-ന് സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

3. കൂടാതെ ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയത് പരിശോധിക്കുന്ന തിനായി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സബ്കമ്മിറ്റി 12-12-2001-ന് പമ്പ, ശബരിമല, എരുമേലി എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. അതോടൊപ്പം പരിസ്ഥിതി സംബന്ധിച്ച സമിതി 2002 ജനുവരി 23-ാം തീയതി മേല്പറഞ്ഞ സ്ഥലങ്ങൾ സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് (2001-03-ലെ രണ്ടാമത് റിപ്പോർട്ട്) 2002 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 32 ശിപാർശ കളാണുണ്ടായിരുന്നത്.

4. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 31-7-2002-ൽ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ചുകൊടുത്തതിനെത്തുടർന്ന് വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. ശബരിമലയിലെ പാരിസ്ഥിതിക സംരക്ഷണത്തിനായി പരിസ്ഥിതി വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച കുറിപ്പ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

6. സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിലും സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1 (ഖണ്ഡിക 8)

വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മറ്റും സർക്കാർ തലത്തിൽ ഒരു കോ-ഓർഡിനേഷൻ സംവിധാനം ഉണ്ടായിരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004

### സ്വീകരിച്ച നടപടി

ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി ഒരു ചീഫ് ഗവണ്മെന്റ് കോ-ഓർഡിനേറ്ററെയും അഡീഷണൽ ഗവണ്മെന്റ് കോ-ഓർഡിനേറ്ററെയും സർക്കാർതലത്തിൽ നിയോഗിക്കാറുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുകയും യോഗങ്ങൾ വിളിച്ച് ചർച്ച ചെയ്യുകയും ചെയ്യാറുണ്ട്.

### ശിപാർശ 3 (ഖണ്ഡിക 10)

പമ്പയിലെ (ചെറിയാനവട്ടത്തെ) സ്വീവേജ് ട്രീറ്റ്മെന്റിന്റെ വിവിധ യൂണിറ്റുകളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം തന്നെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിക്കാൻ ഒരു ടെക്നിക്കൽ ഓഫീസറെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004</u>

പമ്പ ചെറിയാനവട്ടത്ത് ദേവസ്വം ബോർഡ് സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയുടെ കരാർ ഉറപ്പിച്ചിട്ടുള്ളതും വരുന്ന (2004-05) തീർത്ഥാടനകാലത്തിനു മുമ്പായി തന്നെ പണികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പ്ലാന്റിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി മാത്രം ഒരു എൻവയോൺമെന്റൽ എഞ്ചിനീയറുടെ സേവനം ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്.

**ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആ.ക.വ. തീയതി 16-2-2004</u>

ചെറിയാനവട്ടത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കേണ്ടതിനാവശ്യമായ പദ്ധതിക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിനോട് അനുമതി ആവശ്യപ്പെട്ടിരുന്നു. അനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ 4 (ഖണ്ഡിക 11)</u>

സ്വീവേജ് പ്ലാന്റിൽ നിന്നും പുറന്തള്ളപ്പെടുന്ന ജലം പമ്പാ നദിയിൽ എത്തിച്ചേരാതിരിക്കാൻ വനത്തിൽതന്നെ ഡിസ്പ്പോസൽ സംവിധാനംമൂലം സ്പ്രിംഗിൾ ചെയ്യുവാൻ സ്പ്രിംഗ്ളറുകൾ ഉപയോഗിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004</u>

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും പുറന്തള്ളുന്ന സംസ്കരിച്ച ജലം പമ്പാ നദിയിൽ എത്തിച്ചേരാതിരിക്കുവാനുള്ള മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്. സ്പ്രിംഗ്ളർ സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ വനം വകുപ്പിന് നൽകിയിരിക്കയാണ്.

**ആരോഗ്യകുടുംബക്ഷേമ(ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആ.ക.വ. തീയതി 16-2-2004</u>

സ്വീവേജ് പ്ലാന്റിൽ നിന്നും പുറന്തള്ളപ്പെടുന്ന ജലം പമ്പാ നദിയിൽ എത്തിച്ചേരാതിരിക്കത്തക്കവണ്ണം വനത്തിൽ ചിതറുവാൻ സ്പ്രിംഗ്ളറുകൾ ഉപയോഗിക്കണമെന്ന്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് മലിനീകരണനിയന്ത്രണ ബോർഡ് പലതവണ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

**വനം വന്യജീവി (സി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 6333/സി2/11/02/വനം തീയതി 10-5-2012

സ്പ്രിംഗ്ളറുകൾ ഉപയോഗിച്ച് വ്യാപകമായി മലിനജലം പുറന്തള്ളുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ പരിസ്ഥിതിക്കും, ജീവജാലങ്ങൾക്കും നാശം സംഭവിക്കാത്ത രീതിയിൽ ശബരിമല മാസ്റ്റർ പ്ലാനിലെ മാർഗ്ഗനിർദ്ദേശങ്ങൾ കനുസൃതമായി മലിനജലം ഒഴുക്കികളയേണ്ട മാർഗ്ഗം ദേവസ്വം ബോർഡ് കൈക്കൊള്ളേണ്ടതാണ്.

ശിപാർശ 5 (ഖണ്ഡിക 12)

പമ്പാ ഫ്ളഷ് ഔട്ട് ചെയ്യുന്നതിനായി കക്കിഡാം ആവശ്യാനുസരണം തുറന്നു വിടുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് അനുമതി നൽകണമെന്നും വെള്ളം തടഞ്ഞുനിർത്തി ഫ്ളഷ് ഔട്ട് സംവിധാനം പ്രവർത്തനക്ഷമമാക്കാൻ ചെക്ക് ഡാമുകളുടെ പണി എത്രയുംവേഗം പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ഊർജ്ജ (സി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 6073/സി3/02/ഊ.വ. തീയതി 22-11-2003

പമ്പാ നദിയിലെ മലിനീകരണത്തിനുള്ള പ്രധാന കാരണം താഴെ പറയുന്നവയാണ്:

(i) മനുഷ്യ വിസർജ്ജ്യങ്ങളും ഹോട്ടലുകളിലെ പാഴ്ജലവും;

(ii) പാഴ്ജല സംഭരണികളിൽ നിന്നും സെപ്റ്റിക് ടാങ്കുകളിൽ നിന്നും ലീക്ക് ചെയ്യു വരുന്ന മലിനജലം;

(iii) പമ്പാ ഗണപതി ക്ഷേത്രത്തിന് ചുറ്റുമുള്ള കെട്ടിടങ്ങളിൽ നിന്നുള്ള പാഴ്ജലം;

(iv) സന്നിധാനത്തിൽ നിന്നുള്ള പാഴ്ജലം;

(v) ഭക്തജനങ്ങളും മറ്റും നിക്ഷേപിക്കുന്ന പാഴ്വസ്തുക്കൾ;

ഈ മലിനീകരണ വസ്തുക്കൾ ഒഴുക്കി കളയുവാനായി കക്കി ഡാം തുറന്നു വിടണമെന്ന നിർദ്ദേശം ശാസ്ത്രീയമായ ഒരു ശാശ്വത പരിഹാരമല്ല. അങ്ങനെ ഒഴുക്കി കളയുന്നതുമൂലം നദിയുടെ താഴ്ഭാഗത്തേക്ക് മലിനജലം എത്തുകയും നദിയെ ആശ്രയിച്ച് താമസിക്കുന്നവരുടെ ശുദ്ധജല സ്രോതസ് നഷ്ടപ്പെടുകയും ആ പ്രദേശത്ത് മറ്റ് സാമൂഹിക പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യും.

മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക വഴി ഈ പ്രശ്നത്തിന് ഒട്ടൊക്കെ പരിഹാരം കാണാവുന്നതാണ്.

കക്കി ഡാമിൽ നിന്നും വെള്ളം പമ്പാ നദിയിലേക്ക് ഒഴുകണമെങ്കിൽ ഹോളോ ജെറ്റ് വാൽവ് തുറക്കേണ്ടതാണ്. ഇങ്ങനെ തുറന്നുവിടുമ്പോൾ വെള്ളം അതിശക്തമായി പുറത്തേക്ക് ഒഴുകുന്നതുകൊണ്ട് ഡൗൺസ്ട്രീമിനുണ്ടാകുന്ന ഭവിഷ്യത്ത് പ്രവചനാതീതമാണ്. ഇത് പ്രസ്തുത വാൽവിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുകയും വൈദ്യുതി ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യും.

പമ്പ, കക്കി ഡാമുകളിൽ 5-2-2003-ൽ സംഭരിക്കുവാൻ സാധിച്ച ജലം 28.38% മാത്രമാണ് . കഴിഞ്ഞ വർഷം ഇതേ ദിവസം സംഭരിക്കുവാൻ സാധിച്ച ജലം 52.93% ആയിരുന്നു. ഇപ്പോൾ കന്നാർ ഡാമിലേയും പമ്പാ ഡാമിലേയും വെള്ളം ഉപയോഗിച്ചാണ് പമ്പാ നദി ഫ്ലഷ് ഔട്ട് ചെയ്യുന്നത്. പമ്പാ നദിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കന്നാർ ഡാമിൽ നിന്നും 13-1-2003, 14-1-2003 എന്നീ തീയതികളിൽ 113926 $M^3$ ജലം തുറന്നുവിട്ടിട്ടുണ്ട്. പമ്പാ നദിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പമ്പാ, കക്കി ഡാമുകളിൽ നിന്നും ജലം തുറന്ന് വിടുന്നത് വൈദ്യുതി ഉല്പാദനത്തെ സാരമായി ബാധിക്കും. എങ്കിലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ അളവിൽ വെള്ളം തുറന്നു വിടുന്ന കാര്യം പരിഗണിക്കുന്നതാണ്.

ത്രിവേണി പമ്പയിലെ അപ് സ്ട്രീമിൽ കൂടുതൽ ചെക്ക് ഡാമുകൾ നിർമ്മിച്ചാൽ വേനൽക്കാലത്ത് പമ്പാനദി ഫ്ലഷ് ഔട്ട് ചെയ്യുന്നതിന് വളരെ പ്രയോജനമാകും. ഇതിന് വേണ്ടി വരുന്ന ചെലവും, ഡാമുകൾ തുറന്ന് ജലം പുറത്തേക്ക് ഒഴുകുന്നതുമൂലം വൈദ്യുതി ബോർഡിനുണ്ടാകുന്ന നഷ്ടം തുടങ്ങിയവ ദേവസ്വം ബോർഡ് വഹിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതും അഭികാമ്യമായിരിക്കും.

## റവന്യൂ (ജി) വകുപ്പ്

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004</u>

ഉത്സവകാലത്ത് അത്യാവശ്യ സന്ദർഭങ്ങളിൽ കക്കി ഡാം തുറന്ന് വിട്ട് പമ്പാ നദി ഫ്ളഷ് ഔട്ട് ചെയ്തുവരുന്നുണ്ട്. കൂടാതെ ഈ ആവശ്യത്തിനായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പമ്പയിൽ മൂന്ന് ചെക്കുഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.

## ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്

<u>ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആ.കു.വ. തീയതി 16-2-2004</u>

പമ്പാ നദിയിലെ മലിനീകരണത്തോത് വർദ്ധിച്ചപ്പോൾ മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് ദേവസ്വം ബോർഡിന്റെ അപേക്ഷ പ്രകാരം കഴിഞ്ഞ തീർത്ഥാടനകാലത്ത് രണ്ട് തവണ ഡാം തുറന്നുവിട്ട് പമ്പയിലെ കുളിക്കടവ് ഫ്ളഷ് ഔട്ട് ചെയ്യുകയുണ്ടായി.

## ജലവിഭവ (എം.ഐ.) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 13081/എം.ഐ.1/04/ജവിവ. തീയതി 30-8-2008

പമ്പ ഫ്ലഷ് ഔട്ട് ചെയ്യുന്നതിനായി കക്കി ഡാം ആവശ്യാനുസരണം തുറന്നുവിടുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് നടപടി എടുക്കുന്നതിന് 29-3-2008-ലെ ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ W3/16325/04 നമ്പർ കത്ത് പ്രകാരം ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫ്ലഷ് ഔട്ട് സംവിധാനം കാര്യക്ഷമമാക്കാനായി പമ്പ ആക്ഷൻ പ്ലാനിൽ ഐറ്റം നമ്പർ 9-ൽ ഉൾപ്പെടുത്തി 2 ചെക്ക് ഡാമുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

ശിപാർശ 6 (ഖണ്ഡിക 13)

**അടുത്ത സീസൺ കാലത്തിനുമുമ്പായിത്തന്നെ ശബരിമലയിലും പമ്പയിലും പണികഴിപ്പിച്ച ഇൻസിനറേറ്ററുകളിലെ അപാകതകൾ പരിഹരിച്ചും അവ പ്രവർത്തനക്ഷമമാക്കാനും അതോടൊപ്പം തന്നെ എരുമേലിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇൻസിനറേറ്റർ അടിയന്തരമായി സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

സർക്കാർ സ്വീകരിച്ച നടപടി

## ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആ.കു.വ. തീയതി 16-2-2004

പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഇൻസിനറേറ്ററുകളുടെ അപാകതകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കാൻ മലിനീകരണനിയന്ത്രണ ബോർഡ് പലതവണ നിർദ്ദേശങ്ങൾ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. അവ പരിഹരിച്ചതായി ഇതുവരെ അറിയിച്ചിട്ടില്ല.

എരുമേലിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനെക്കുറിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും മലിനീകരണനിയന്ത്രണ ബോർഡിന് യാതൊരു വിവരവും ലഭിച്ചിട്ടില്ല.

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004

ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശബരിമലയിലും പമ്പയിലുമായി നിർമ്മിച്ച ഇൻസിനറേറ്ററുകൾ ഫലപ്രദമായി പ്രവർത്തിപ്പിച്ച് വരുന്നുണ്ട്.

ശിപാർശ 7 (ഖണ്ഡിക 14)

പ്ലാസ്റ്റിക് ബാഗുകളുടെ വിപണനവും ഉപയോഗവും നിയന്ത്രിച്ചുകൊണ്ടുള്ള ഉത്തരവ് കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്നും ഇവയുടെ ഉപയോഗം തടയുന്നതിനായി തീർത്ഥാടനം ആരംഭിക്കുന്നതിന് മുമ്പും വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തണമെന്നും തുടർന്ന് ഇവ ശേഖരിക്കുന്നതിനായി സ്പോൺസേർഡ് ഡസ്റ്റ് ബിന്നുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (ജി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004

വനപ്രദേശത്ത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി ഒഴിവാക്കാൻ തീർത്ഥാടകരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിൽ കൂടി പ്രചരണം നടത്തി വരുന്നുണ്ട്. കൂടാതെ ഉച്ചഭാഷിണികളിൽക്കൂടിയും ആവശ്യമായ പ്രചാരണം നടത്തുന്നുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ കടകളുടെയും ഹോട്ടലുകളുടെയും ലേല നിബന്ധനയിലും ഉൾപ്പെടുത്തുകയും ചപ്പുചവറുകൾ നിക്ഷേപിക്കാൻ വിവിധ ഭാഗങ്ങളിൽ ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്.

**ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആ.ക.വ. തീയതി 16-2-2004

പ്ലാസ്റ്റിക് ബാഗുകൾക്കുള്ള നിരോധനത്തെക്കുറിച്ച് അയൽ സംസ്ഥാനത്തുനിന്നുള്ള തീർത്ഥാടകരെ ബോധവൽക്കരിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കാൻ തമിഴ്നാട് മലിനീകരണനിയന്ത്രണ ബോർഡിനെയും, കർണ്ണാടക മലിനീകരണനിയന്ത്രണ ബോർഡിനെയും, ആന്ധ്രാപ്രദേശ് മലിനീകരണനിയന്ത്രണ ബോർഡിനെയും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

ശിപാർശ 8 (ഖണ്ഡിക 15)

ഈച്ച ശല്യം ഒഴിവാക്കുന്നതിന് പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത ഏതെങ്കിലും രാസപദാർത്ഥം സ്പ്രേ ചെയ്യണമെന്നും കൂടുതൽ തൊഴിലാളികളെ നിയോഗിച്ച് പമ്പയിലെയും സന്നിധാനത്തെയും മാലിന്യങ്ങൾ അപ്പപ്പോൾ നീക്കം ചെയ്യുവാനും അടിയന്തര സംവിധാനം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004

പമ്പയിലും ശബരിമലയിലും കുന്നുകൂടുന്ന ഖരമാലിന്യങ്ങൾ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ അപ്പപ്പോൾതന്നെ നീക്കം ചെയ്തുവരുന്നുണ്ട്. ചവറ് നീക്കം സുഗമമാക്കുന്നതിന് ശബരിമലയിലും പമ്പയിലും ട്രില്ലറുകൾ ഉപയോഗിച്ച് വരുന്നു. വിശുദ്ധി സേനാംഗങ്ങൾക്കു പുറമേ ദേവസ്വം ബോർഡിൽ നിന്നും ശുചീകരണ പ്രവർത്തനങ്ങൾക്ക് തൊഴിലാളികളെ നിയോഗിച്ച് കെട്ടിടങ്ങളും പരിസരവും ശുചിയാക്കി വരുന്നുണ്ട്.

ശിപാർശ 9 (ഖണ്ഡിക 16)

സന്നിധാനത്തുള്ള പൊതു ലാട്രിനുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ഇവതന്നെ പരമാവധി വൃത്തിയായി ഉപയോഗിക്കണമെന്നും പൊതുസ്ഥലം മലിനപ്പെടുത്തരുതെന്നും തുണികളും പ്ലാസ്റ്റിക് അടക്കമുള്ള അവശിഷ്ടങ്ങളും ചുറ്റുപാടും വലിച്ചെറിയരുതെന്നും പരിസരവും വെള്ളവും മലിനമാക്കരുതെന്നും പമ്പാ സരസ് തടം വൃത്തിയായി നിലനിർത്തണമെന്നുമുള്ള വിവിധ ഭാഷകളിലുള്ള ബോർഡുകൾ സ്ഥാപിക്കണമെന്നും ഉച്ചഭാഷിണിയിലൂടെ അറിയിപ്പ് നൽകണമെന്നും കൂടാതെ ശബരിമലയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എത്രയും വേഗം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004

പമ്പാ ആക്ഷൻ പ്ലാൻ പദ്ധതിക്ക് ഭാരത സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 18.45 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 16.16 കോടി രൂപയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 30 ശതമാനം ഓഹരി വ്യവസ്ഥയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡാണ് നടപ്പിലാക്കേണ്ടത്. ശൗചാലയങ്ങൾ, കുളിമുറികൾ, ശബരിമലയിലും പമ്പയിലും യഥാക്രമം 3 എം.എൽ.ഡി.യും 1.5 എം.എൽ.ഡി.യും ശേഷിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്വീവേജ് ശേഖരിക്കുന്നതിനുള്ള ടാങ്കുകൾ, ഓടകൾ, ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന തിനുള്ള സംവിധാനം മുതലായവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾക്കാണ് പദ്ധതിയിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ശബരിമലയിൽ 3 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ച് ബോർഡിന് കൈമാറുന്നതിനുള്ള ദർഘാസും പമ്പയിൽ 250 ലാട്രിനുകളും

ശബരിമലയിൽ 100 ലാട്രിനുകളും രണ്ട് സ്ഥലത്തും ഓരോ സ്വീവേജ് സംഭരണികളും നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് ജോലികളുടെ അടങ്കൽ തയ്യാറാക്കി വരുന്നു.

**ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആകുവ. തീയതി 16-2-2004

ശബരിമലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ രൂപരേഖ ദേവസ്വം ബോർഡിന് സമർപ്പിക്കുകയും അതിന്മേലുള്ള അഭിപ്രായം 18-7-2002-ൽ മലിനീകരണനിയന്ത്രണ ബോർഡ് ദേവസ്വം ബോർഡിന് നൽകുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ മലിനീകരണനിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടില്ല.

ശിപാർശ 10 (ഖണ്ഡിക 18)

ഭസ്മകുളത്തിന് സമീപം മാലിന്യം കുന്നുകൂടാൻ അനുവദിക്കരുതെന്നും ഭസ്മകുളത്തിലെ വെള്ളം സീസൺ സമയത്ത് ചുരുങ്ങിയത് ഒരു ദിവസം 7 പ്രാവശ്യമെങ്കിലും ഫ്ളഷ് ഔട്ട് ചെയ്യണമെന്നും ഇതിനുവേണ്ടിവരുന്ന വെള്ളം ഇതിന് മുകൾഭാഗത്ത് വിവിധഭാഗങ്ങളിൽ തടയണകൾ കെട്ടി ശേഖരിച്ചുനിർത്തണമെന്നും അല്ലെങ്കിൽ ആധുനിക രീതിയിൽ ശുദ്ധീകരണം നടത്തി ഉപയുക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (ജി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/02/ആർ.ഡി. തീയതി 19-8-2004

ഭസ്മകുളത്തിലെ ജലം ശുചീകരിക്കുന്നതിനുവേണ്ടി ശുചീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതും ഭസ്മകുളവും പരിസരവും വൃത്തിയാക്കി സൂക്ഷിച്ചുവരുന്നതുമാണ്.

**ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആകുവ .തീയതി 16-2-2004

ഭസ്മകുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിനുള്ള ചില സംവിധാനങ്ങൾ കഴിഞ്ഞ ഉത്സവകാലത്ത് ദേവസ്വം ബോർഡ് നടപ്പിലാക്കുകയുണ്ടായി. ആയത് അപര്യാപ്തമായിരുന്നതിനാൽ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്.

**ജലവിഭവ (എം.ഐ.) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 13081/എം.ഐ.1/04/ജലവിഭവ തീയതി 30-8-2008

ഭസ്മകുളം സന്നിധാനത്തിലായതിനാലും അതിന്റെ പ്രവൃത്തികൾ ദേവസ്വം ബോർഡ് നേരിട്ട് ചെയ്യുന്നതിനാലും ഇറിഗേഷൻ വകുപ്പുമായി ബന്ധമില്ല. എങ്കിലും ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ 29-3-2008-ലെ കത്തുമുഖാന്തിരം ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ദേവസ്വം ബോർഡ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശിപാർശ 11 (ഖണ്ഡിക 19)

ഭക്തജനത്തിരക്കനുസരിച്ച് കുടിവെള്ളം ലഭ്യമാക്കാനുള്ള സ്ഥിരം സംവിധാനം ഇന്നും നിലവിൽ വന്നിട്ടില്ല. ഹഡ്കോ അനുവദിച്ച തുക ഇന്നും ഇതിനുവേണ്ടി ഉപയോഗിക്കാതെ കിടക്കുകയാണ്. ആകയാൽ ഹഡ്കോയുടെ സഹായം ഉപയുക്തമാക്കി പമ്പയിലും സന്നിധാനത്തിലും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി അടിയന്തരമായും നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 21955/സി1/02/ജലവിവ. തീയതി 23-9-2003

പമ്പയിൽ ദേവസ്വം ബോർഡ് ഗസ്റ്റ് ഹൗസിനുപുറകിലുള്ള 0.60 ഹെക്ടർ (1.50 ഏക്കർ) സ്ഥലം ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുതരണമെന്ന് വനം വകുപ്പിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ നാളിതുവരെയായി വനഭൂമി വിട്ടുകിട്ടിയിട്ടില്ല. പെരിയാർ ടൈഗർ റിസർവിനുള്ള സ്ഥലം ആയതിനാലാണ് വിട്ടുകിട്ടുവാൻ താമസം. അതിനുള്ള അപേക്ഷ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 0.60 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനാവശ്യമായ പ്രൊ ഫോർമ സൈറ്റ് പ്ലാനോടുകൂടി തേക്കടി വൈൽഡ്ലൈഫ് പ്രിസർവേഷൻ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ, ടി വനഭൂമി ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ വാട്ടർ അതോറിട്ടി 8-2-2002-ൽ തിരുവനന്തപുരം ചീഫ് കൺസർവേറ്റർക്ക് സമർപ്പിച്ചിട്ടുണ്ട്.

വനഭൂമി വിട്ടുകിട്ടാത്തതിനാൽ ഹഡ്കോയിൽ നിന്നുള്ള വായ്പ എടുത്തിട്ടില്ല. വനഭൂമി വിട്ടുകിട്ടുന്ന മുറയ്ക്ക് ജല ശുദ്ധീകരണശാലയുടെ നിർമ്മാണം തുടങ്ങുവാൻ സാധിക്കുന്നതാണ്. പ്രഷർ ഫിൽട്ടർ ഉപയോഗിച്ച് പമ്പയിലും സന്നിധാനത്തിലും ജലം ശുദ്ധീകരിച്ച് നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

## ജലവിഭവ (ഐ.ആർ.) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 25847/ഐ.ആർ.3/03/ജവിവ. തീയതി 9-1-2004

ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പാ നദിയെ മാലിന്യവിമുക്തമാക്കുന്നതിനായി 319.70 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ പമ്പാ കർമ്മ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ 12 പ്രവൃത്തികൾക്കായി 18.45 കോടി രൂപയ്ക്ക് കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതമായ 30% തുക കണ്ടെത്തുകയും 2003-04 മുതൽ 2006-07 വർഷക്കാലയളവിനുള്ളിൽ പൂർത്തിയാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പണികൾ ചുവടെ നൽകുന്നു:

(1) ശബരിമലയിൽ 3 ദശലക്ഷം ലിറ്റർ ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക

(2) പമ്പയിൽ 1.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കുക

(3) ശബരിമലയിലും പമ്പയിലും മലിനജല സംഭരണിയും പമ്പിംഗ് സംവിധാനവും സ്ഥാപിച്ച് ഒഴുക്കി കളയുന്നതിനുള്ള നിർഗമന ചാലുകൾ നിർമ്മിക്കുക.

(4) പമ്പയിൽ 300 കക്കൂസുകളും ശബരിമലയിൽ 400 കക്കൂസുകളും 100 കുളിമുറികളും നിർമ്മിക്കുക

(5) ശബരിമലയിലും പമ്പയിലും ഖരമാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക

(6) ശബരിമലയിലും പമ്പയിലും നിലവിലുള്ള അഴുക്കുചാലുകളുടെ പുനരുദ്ധാരണവും പുതിയവ നിർമ്മിക്കുകയും ചെയ്യുക

(7) മൊബൈൽ ലാട്രിൻ ശബരിമലയിലും പമ്പയിലും സ്ഥാപിക്കുക

(8) പമ്പയിൽ കുക്കാത്തോടിലും ഉരക്കുഴി തീർത്ഥത്തിലും മാലിന്യങ്ങൾ തടയുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുക

(9) പമ്പാ നദിയിലും കുക്കി നദിയുടെ മുകൾഭാഗത്തും തടയണ നിർമ്മിച്ച് മാലിന്യങ്ങൾ ഒഴുക്കി കളയുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ജനറേറ്റർ സ്ഥാപിക്കുന്നതിന് ഷെഡ് നിർമ്മിക്കുകയും ചെയ്യുക.

(10) ഞുണങ്ങാർ നദിയിൽ നിന്നും മാലിന്യങ്ങൾ പമ്പാ സ്നാനഘട്ടത്തിര പ്രവേശിക്കുന്നത് തടയുന്നതിനായി ആറാട്ടുകടവിൽ തടയണ നിർമ്മിച്ച കുളിക്കടവ് സ്ഥാപിക്കുക.

(11) പമ്പാ നദിയിൽ നിലവിലുള്ള കുളിക്കടവിന് എതിർവശത്തായി ഇടത ഭാഗത്ത് പുതിയ കുളിക്കടവും അനുബന്ധ ജോലികളും ചെയ്യുക

(12) പൊതുജന ബോധവൽക്കരണം

കേന്ദ്ര സർക്കാർ അനുമതി നൽകിയ പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി 18-11-2003-ലെ സർക്കാർ ഉത്തരവ് (ആർടി.) 1409/2003/ജലവിഭവ. പ്രകാരം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം 1 മുതൽ 7 വരെയുള്ള പ്രവൃത്തികളുടെ സംസ്ഥാന വിഹിതം സ്വയം വഹിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. 8 മുതൽ 11 വരെയുള്ള പ്രവൃത്തികൾ ജലവിഭവ വകുപ്പും 12-ാം നമ്പർ പ്രവൃത്തി കേരള വാട്ടർ അതോറിറ്റിയും നടപ്പിലാക്കുന്നതാണ്.

പദ്ധതി നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയെ നോഡൽ ഏജൻസി ആയി നിയമിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുവാനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ചെയർമാനും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി ഒരു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തികൾക്കുള്ള 2003-ലെ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ നോഡൽ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ 12 (ഖണ്ഡിക 20)</u>

ശബരിമല, പമ്പ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും മലിനജലത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനുമായി കുന്നാർ ഡാമിൽ നിന്നുള്ള വെള്ളവും അമ്പലക്കടവിൽ നിന്നുള്ള വെള്ളവും ഉപയോഗിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണ മെന്നും ഈ പദ്ധതിക്ക് വേണ്ട അനുവാദം വനം വകുപ്പ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വനംവന്യജീവി (സി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 6333/സി2/വനം തീയതി 10-5-2012</u>

കന്നാർ ഡാമിന് ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷ ദേവസ്വം ബോർഡ് നൽകിക്കഴിഞ്ഞാൽ ഉടനെ തന്നെ ശിപാർശയോടെ കേന്ദ്ര സർക്കാരിന് അനുമതിക്കായി വനം വകുപ്പ് സമർപ്പിക്കുന്നതായിരിക്കും.

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004</u>

കന്നാർ ഡാമിൽ നിന്നും ശേഖരിക്കുന്ന ജലം ശബരിമലയിലെത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തി ശുദ്ധജലവിതരണം കാര്യക്ഷമമായി ദേവസ്വം ബോർഡ് നടത്തി വരുന്നുണ്ട്.

<u>ശിപാർശ 13 ( ഖണ്ഡിക 21)</u>

അപ്പാച്ചിമേട്ടിലും നീലിമലയിലും ആവശ്യാനുസരണം എല്ലാവിധ സജ്ജീകരണങ്ങളോടുകൂടിയ കാർഡിയോളജി യൂണിറ്റുകൾ തീർത്ഥാടന കാലയളവിൽ നിലവിലുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പെരുനാട്, എരുമേലി എന്നീ സർക്കാർ ആശുപത്രികളിലും ശബരിമല തീർത്ഥാടന കാലയളവിൽ ആംബുലൻസ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും 24 മണിക്കൂറും പ്രവർത്തനക്ഷമമായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആ.ക.വ. തീയതി 16-2-2004</u>

**അപ്പാച്ചിമേട്**

കഴിഞ്ഞ വർഷം ഒരു സർജൻ, ഒരു എല്ലുരോഗ വിദഗ്ദ്ധൻ, ഒരു അനസ്തിസ്റ്റ് എന്നിവരെ നിയമിച്ചിരുന്നു. കൂടാതെ ഒരു ചാർജ് മെഡിക്കൽ ഓഫീസറും 2 ഹൃദ്രോഗ വിദഗ്ദ്ധരേയും നിയമിച്ചിരുന്നു. മറ്റു സ്റ്റാഫുകളേയും ആവശ്യത്തിന് നിയമിച്ചിരുന്നു. ഈ വർഷവും അങ്ങനെ ചെയ്യുന്നതായിരിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്നതായിരിക്കും.

**നീലിമല**

ഒരു ചാർജ് മെഡിക്കൽ ഓഫീസർ, ഒരു സർജൻ, ഒരു കാർഡിയോളജിസ്റ്റ് എന്നിവരേയും ആവശ്യത്തിന് മറ്റ് സ്റ്റാഫിനേയും കഴിഞ്ഞവർഷം നിയമിച്ചിരുന്നു. ഈ വർഷവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാർഡിയോളജി യൂണിറ്റ് പ്രവർത്തിക്കുന്നതായിരിക്കും.

എരുമേലിയിൽ മണ്ഡലകാലത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സജ്ജമാക്കുന്നുണ്ട്. അവിടെ ഒരു സർജൻ, ഫിസിഷ്യൻ, എല്ലുരോഗ വിദഗ്ദ്ധൻ എന്നിവരുടെ സേവനം ലഭ്യമായിരിക്കും. ആവശ്യത്തിനുള്ള മറ്റു സ്റ്റാഫിനെയും നിയമിക്കുന്നതാണ്. ആംബുലൻസ് എപ്പോഴും സജ്ജമായിരിക്കും. കൂടാതെ പേട്ടതുള്ളൽ ദിവസം ഒരു മൊബൈൽ ഡിസ്പെൻസറി 24 മണിക്കൂറും പ്രവർത്തിക്കുന്നതായിരിക്കും.

<u>ശിപാർശ 14 (ഖണ്ഡിക 22)</u>

പത്തനംതിട്ടയിൽ ആരംഭിക്കാൻ ശ്രീ അയ്യപ്പാ മെഡിക്കൽ ട്രസ്റ്റ് നിർദ്ദേശിച്ചിട്ടുള്ള മെഡിക്കൽ കോളേജും പമ്പയിലെ എക്സ്റ്റൻഷൻ സെന്ററും എത്രയുംവേഗം സ്ഥാപിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004</u>

പമ്പയിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള തരത്തിൽ ഒരു ആശുപത്രി കെട്ടിടം തിരുവിതാംകൂർ ദേവസ്വം ബോർഡ് പണികഴിപ്പിച്ച് കൊണ്ടിരിക്കുന്നുണ്ട്. ടി കെട്ടിടത്തിന്റെ രണ്ട് നിലകൾ പൂർണ്ണമായി പൂർത്തീകരിക്കുകയും അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (എഐഎംഎസ്) കാർഡിയോളജി ഉൾപ്പെടെയുള്ള സൗകര്യത്തോടുകൂടിയ ആശുപത്രി കഴിഞ്ഞ രണ്ട് ഉത്സവകാലമായി നടത്തിവരുന്നു.

<u>ശിപാർശ 15 (ഖണ്ഡിക 23)</u>

തീർത്ഥാടകരുടെ ആരോഗ്യ പരിപാലനത്തിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് അത്യാവശ്യ സൗകര്യങ്ങളോടെയുള്ള താമസസൗകര്യം സജ്ജമാക്കാൻ ദേവസ്വം ബോർഡ് ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ശ്രീ അയ്യപ്പാ മെഡിക്കൽ ട്രസ്റ്റിന്റെ നിർദ്ദേശം ഈ പ്രശ്നത്തിന് സ്ഥിരമായ പരിഹാരം കാണാൻ സഹായിക്കുമെന്ന് സമിതി കരുതുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004</u>

തീർത്ഥാടകരുടെ ആരോഗ്യ പരിപാലനത്തിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് പരിമിതികളുള്ളിൽ നിന്നുകൊണ്ട് എല്ലാവിധ സൗകര്യങ്ങളും ദേവസ്വം ബോർഡ് സജ്ജമാക്കുന്നുണ്ട്.

ശിപാർശ 16 (ഖണ്ഡിക 24)

ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ സ്വാമി അയ്യപ്പൻ റോഡ് ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾക്ക് വിഘ്നം വരാതെ ആണിക്ക് കരിങ്കൽ പാകി സഞ്ചാരയോഗ്യ മാക്കണമെന്നും ആയത് വനം വകുപ്പിന്റെയും ദേവസ്വം ബോർഡിന്റെയും നിയന്ത്രണത്തിൽ ആയിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. റോഡ് ആണിക്ക് കരിങ്കൽ പാകി നന്നാക്കുന്നതിന് ദേവസ്വം ബോർഡ് എസ്റ്റിമേറ്റ് എടുത്ത് വനം വകുപ്പുവഴി പണം കൊടുത്ത് പണി ചെയ്യിപ്പിക്കണം. കൂടാതെ ശബരിമല തീർത്ഥാടന കാലയളവിന് മുൻപ് തന്നെ സന്നിധാനത്ത് ആവശ്യമായ സാധനങ്ങൾ അവിടെ എത്തിക്കുന്നതിനും അവ ശേഖരിച്ചുവെയ്ക്കുന്നതിനുമുള്ള സംവിധാനം 2002-ലെ തീർത്ഥാടന കാലയളവിന് മുൻപ് തന്നെ ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതോടൊപ്പം തന്നെ മരക്കൂട്ടം സന്നിധാനം (ചന്ദ്രാനന്ദൻ റോഡ്) റോഡിന്റെ സൈഡ് കെട്ടി സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം വന്യജീവി (സി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 6333/സി2/11/വനം തീയതി 10-5-2012

ദേവസ്വം ബോർഡിന് വിട്ടുകൊടുത്ത വനഭൂമിയിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ദേവസ്വം ബോർഡിന് നേരിട്ട് നടത്താവുന്നതാണ്. ചന്ദ്രാനന്ദൻ റോഡിന്റെ വശംകെട്ടി സംരക്ഷിക്കാനുള്ള നിർദ്ദേശവും വന്യജീവികളുടെ സ്വൈരവിഹാരത്തിന് തടസ്സമാകാത്ത രീതിയിൽ നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് ചട്ടപ്രകാരം ദേവസ്വം ബോർഡിന് നടപടി കൈക്കൊള്ളാവുന്നതാണ്.

**റവന്യൂ (ജി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004

സ്വാമി അയ്യപ്പൻ റോഡിൽ വളരെ മോശമായ സ്ഥലങ്ങളിൽ ആണിക്കല്ലുകൾ പാകി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. വഴിപാട് സാധനങ്ങളും മറ്റും ഉത്സവകാലത്തിനു മുൻപായിതന്നെ ശബരിമലയിൽ ശേഖരിക്കുന്നതിനുള്ള നടപടികൾ എല്ലാ വർഷവും എടുത്തുവരുന്നു. മരക്കൂട്ടം-സന്നിധാനം (ചന്ദ്രാനന്ദൻ റോഡ്) റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷ വനം വകുപ്പിന് ദേവസ്വം ബോർഡ് നൽകിയിട്ടുണ്ട്.

ശിപാർശ 17 (ഖണ്ഡിക 25)

പമ്പയിൽ നിന്നും സന്നിധാനത്തിലേക്ക് ക്ഷേത്ര ആചാരാനുഷ്ഠാനങ്ങൾക്ക് ഹാനികരമല്ലാത്തവിധം റോപ്‌വേ സംവിധാനം നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004</u>

റോപ്‌വേ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുള്ളതും പരിശോധനയിൽ ധാരാളം മരങ്ങൾ മുറിക്കേണ്ടിവരുമെന്നതിനാൽ പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ട കാര്യം ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

<u>ശിപാർശ 18 (ഖണ്ഡിക 26)</u>

ശബരിമലയുടെ വികസനത്തിന് അത്യാവശ്യം വേണ്ട ഭൂമി വനം വകുപ്പ് വിട്ടുകൊടുക്കുകയാണെങ്കിൽ പകരം ഭൂമി 'പച്ചക്കാനത്ത് ' വാങ്ങി നൽകാമെന്നും തെളിവെടുപ്പ് വേളയിൽ ദേവസ്വം ബോർഡ് അധികൃതർ സമ്മതിച്ചിട്ടുണ്ട്. ആകയാൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അയ്യപ്പഭക്തർക്ക് അത്യാവശ്യം വേണ്ടുന്ന സൗകര്യം ഒരുക്കുന്നതിനായി ദേവസ്വം ബോർഡ് വനം വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി ലഭ്യമാക്കുന്നതിന് വേണ്ട സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തി ആയത് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പംതന്നെ ശബരിമല, പമ്പ തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോൾ ദേവസ്വം ബോർഡിന് പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുള്ള ഭൂമി വനഭൂമിയുടെ നിയമപരിധിയിൽനിന്ന് ഒഴിവാക്കി (പ്രകൃതി സംരക്ഷണത്തിന് കോട്ടം വരാതെ) ദേവസ്വം ബോർഡിന് നൽകുവാൻ വേണ്ട നടപടി സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനുവേണ്ടി ആവശ്യമുള്ള ഭൂമിയുടെ ഇരട്ടി ഭൂമി പച്ചക്കാനം ഭാഗത്തുനിന്നും ദേവസ്വം ബോർഡ് അക്വയർ ചെയ്ത് (വിലയ്ക്കു വാങ്ങി) വനം വകുപ്പിനെ ഏൽപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വനം വന്യജീവി (സി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 6333/സി2/11/വനം തീയതി 10-5-2012</u>

12.676 ഹെക്ടർ വനഭൂമി പെരിയാർ ടൈഗർ റിസർവ്വിലും 110.524 ഹെക്ടർ ഭൂമി നിലയ്ക്കലിലും ദേവസ്വം ബോർഡിന് 2005-ൽ നൽകിയിട്ടുണ്ട്. വ്യക്തമായ ശിപാർശകളോടെ മറ്റു പ്രദേശങ്ങളിൽ വനഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ദേവസ്വം ബോർഡിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് സത്വര നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

## റവന്യൂ (ദേവസ്വം) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 11309/ദേവ.2/2014/ആർ.ഡി.തീയതി 9-10-2014

ശബരിമലയുടെ സമഗ്രവികസനം മുന്നിൽക്കണ്ട് എക്കോ സ്മാർട്ട് എന്ന സ്ഥാപനം തയ്യാറാക്കിയ ശബരിമല മാസ്റ്റർ പ്ലാനിലെ ശിപാർശ പ്രകാരം കേന്ദ്ര പരിസ്ഥിതി വനഭൂമി മന്ത്രാലയത്തിലെ ഉത്തരവുപ്രകാരം നിലയ്ക്കലിൽ 110 ഹെക്ടറും ശബരിമലയിൽ 12.35 ഹെക്ടറും വനഭൂമി വനം വകുപ്പ് ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്. ഇതിലേക്ക് എൻ.പി.വി. (നെറ്റ് പ്രസന്റ് വാല്യൂ) തുകയും പകരം വനവൽക്കരണത്തിനുള്ള തുകയുമുൾപ്പെടെ 9 കോടി രൂപ ദേവസ്വം ബോർഡ് വനം വകുപ്പിന് നൽകി. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം നടത്തുകയുള്ളൂ എന്ന വ്യവസ്ഥയിലാണ് വനഭൂമി കൈമാറിയത്.

ഇതിലേക്ക് പകരം വനവൽക്കരണത്തിനുള്ള ഭൂമി ഇടുക്കി ജില്ലയിൽ കമ്പക്കല്ലിൽ നിന്നും സർക്കാർ തന്നെ നൽകിയിട്ടുള്ളതാണ്.

ശിപാർശ 19 (ഖണ്ഡിക 27)

പമ്പ, ശബരിമല തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾ യാചക നിരോധന മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ വഴിയോരങ്ങളിൽ ഇന്നും യാചകരുടെ കേന്ദ്രങ്ങൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. അവ ഒഴിവാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടി ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## ആഭ്യന്തര (ഡി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 46893/ഡി2/02/ആഭ്യ. തീയതി 29-11-2003

ശബരിമലയും പരിസരപ്രദേശങ്ങളും യാചക നിരോധിത മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് അസാധാരണ ഗസറ്റ് വിജ്ഞാപനം 23-10-2002-ൽ (നമ്പർ 1522) പുറപ്പെടുവിച്ചിരുന്നു. ആയത് കർശനമായി നടപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് പോലീസ് ഡയറക്ടർ ജനറൽ നൽകിയിരുന്നു. ആയതനുസരിച്ച് യാചകശല്യം പരമാവധി കുറയ്ക്കാൻ കഴിഞ്ഞ ഉത്സവകാലത്ത് സാധിച്ചിട്ടുണ്ടെന്ന് പോലീസ് ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004

ശബരിമല, പമ്പ തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങൾ ഓരോ വർഷവും തീർത്ഥാടന കാലത്ത് യാചക നിരോധന മേഖലയായി പ്രഖ്യാപിക്കാറുണ്ട്. എന്നാൽ യാചകർ ഇപ്പോഴും ഉത്സവപ്രദേശത്ത് ഒളിച്ചും പതുങ്ങിയും എത്താറുണ്ട്. പോലീസ്, ദേവസ്വം വകുപ്പ്

അധികൃതരുടെ സമയോചിതമായ ഇടപെടൽ മുഖാന്തിരം യാചകരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. യാചകരെ നീക്കംചെയ്യാൻ പോലീസിനെ സഹായിക്കുന്നതിന് ബോർഡ് തൊഴിലാളികളെ വിട്ടുകൊടുക്കാറുണ്ട്.

## ശിപാർശ 20 (ഖണ്ഡിക 27)

പമ്പ, ശബരിമല, എരുമേലി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ആഹാരസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നതായും അതിലുപരി ടി ആഹാര സാധനങ്ങൾക്ക് ശുചിത്വക്കുറവും ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് പരിഹരിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് നിയമപരമായ അംഗീകാരം ഉണ്ടോ എന്ന് പരിശോധിക്കാനും മറ്റുമായി സർക്കാരിന്റെ വിവിധ ഏജൻസികൾ യഥാസമയം പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ശബരിമലയിൽ സീസൺ കാലത്ത് ഷെഡ് കെട്ടി കച്ചവടം നടത്തുന്നവർക്ക് അവരുടെ അനുവദിച്ച കാലാവധി തീരുന്ന മുറയ്ക്ക് ഷെഡുകൾ പൊളിച്ച് പ്രസ്തുത പരിസരം വൃത്തിയാക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിൽ ഉദാസീനത കാണിക്കുന്നവരുടെ ഡെപ്പോസിറ്റ് തുക തിരിച്ചുനൽകരുത് എന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004

ആഹാര സാധനങ്ങൾക്ക് അമിതവില ഈടാക്കാതിരിക്കാനും ശുചിത്വം ഉറപ്പുവരുത്താനും ജില്ലാ കളക്ടർ നടപടി സ്വീകരിക്കുന്നുണ്ട്.

പമ്പ, ശബരിമല, എരുമേലി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിലെയും കടകളിലെയും വിലനിയന്ത്രണം, ശുചിത്വപരിപാലനം തുടങ്ങിയ കാര്യങ്ങൾ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്.

സീസൺ കാലത്ത് താല്ക്കാലിക ഷെഡുകൾ കെട്ടി കച്ചവടം നടത്തുന്നവർ കാലാവധി തീരുന്ന മുറയ്ക്ക് ഷെഡുകൾ പൊളിച്ച് പരിസരം വൃത്തിയാക്കാൻ ബാദ്ധ്യസ്ഥരാണ്. വീഴ്ച വരുത്തുന്നവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിനുള്ള വ്യവസ്ഥ ലേലനിബന്ധനയിൽ ഉൾപ്പെടുത്തി കർശനമായി നടപ്പിലാക്കിവരുന്നുണ്ട്.

## ശിപാർശ 21 (ഖണ്ഡിക 28)

അന്യസംസ്ഥാനത്തെ തിരക്കുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽ ചെയ്യുന്നതുപോലെ ഭക്തർക്ക് ന്യായവിലയ്ക്ക് ഫുഡ് പായ്ക്കറ്റുകൾ ലഭ്യമാക്കാൻ വിപുലമായ സംവിധാനം ഏർപ്പെടുത്താൻ അധികൃതർ തയ്യാറാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004.</u>

ദേവസ്വം ബോർഡ് 2002-2003 മുതൽ ശബരിമലയിൽ ഉത്സവകാലത്തും മാസപൂജ കാലയളവിലും 2003-2004 മുതൽ പമ്പയിൽ ഉത്സവകാലങ്ങളിലും അന്നദാനം നടത്തിവരുന്നുണ്ട്.

**റവന്യൂ (ദേവസ്വം) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 11309/ദേവ.2/2014/ആർ.ഡി. തീയതി 9-10-2014</u>

ഭക്തർക്ക് ന്യായവിലയ്ക്ക് ഭക്ഷണം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഭക്ഷണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഫുഡ് സേഫ്റ്റി വകുപ്പ് പരിശോധന നടത്താറുണ്ട്. കൂടാതെ പത്തനംതിട്ട ജില്ലാ കളക്ടറും ശബരിമല സ്പെഷ്യൽ കമ്മീഷണറും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്. കഴിഞ്ഞ വർഷം ജയിൽ വകുപ്പ് മുഖാന്തിരം വളരെ കുറഞ്ഞ നിരക്കിൽ ചപ്പാത്തി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. ശബരിമലയിലും പമ്പയിലും ദേവസ്വത്തിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ അന്നദാനം നൽകിവരുന്നു.

<u>ശിപാർശ 22 (ഖണ്ഡിക 29)</u>

ശബരിമല, പമ്പ തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥാടന കാലയളവിൽ വേണ്ടിവരുന്ന സേവനങ്ങൾക്ക് ആവശ്യമായ തീരുമാനങ്ങളും നിർദ്ദേശങ്ങളും ഉത്തരവുകളും കൊടുക്കാൻ അധികാരമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ സേവനം പൂർണ്ണമായും പ്രസ്തുത സ്ഥലത്തും യഥാസമയങ്ങളിലും ലഭ്യമാക്കണമെന്നും ക്യാമ്പ് ഓഫീസ് ഉൾപ്പെടെയുള്ള സൗകര്യം ഉണ്ടായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (ജി) വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004</u>

കഴിഞ്ഞ രണ്ട് ഉത്സവകാലമായി ബോർഡിലെ രണ്ട് ഉയർന്ന ഉദ്യോഗസ്ഥരെ ശബരിമലയിലും പമ്പയിലും ലെയ്സൺ ഓഫീസർമാരാക്കി ക്യാമ്പ് ഓഫീസ് സൗകര്യത്തോടെ പ്രത്യേകം നിയോഗിച്ചുവരുന്നു.

ശിപാർശ 23 (ഖണ്ഡിക 30)

ശബരിമല സീസൺ, കാലയളവിൽ സംസ്ഥാനത്തിന്റെ വിവിധ ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്ന് ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സജ്ജമാക്കണമെന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം കോട്ടയം, ചെങ്ങന്നൂർ തുടങ്ങിയ റെയിൽവേ സ്റ്റേഷനുകളിൽ നിന്നുതന്നെ ബസ്സുകൾ ഓപ്പറേറ്റുചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## ഗതാഗത (എ) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 9996/എ 2/2002 ട്രാൻ. തീയതി 7-1-2003

ശബരിമല സീസൺ കാലയളവിൽ സംസ്ഥാനത്തിന്റെ വിവിധ ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്ന് ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സജ്ജമാക്കാനും അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന അയ്യപ്പഭക്തൻമാരുടെ സൗകര്യാർത്ഥം എറണാകുളം, കോട്ടയം, പുനലൂർ, ചെങ്ങന്നൂർ തുടങ്ങിയ റെയിൽവേ സ്റ്റേഷനുകളിൽ നിന്നും ബസ്സുകൾ ഓപ്പറേറ്റുചെയ്യുവാനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

ശിപാർശ 24 (ഖണ്ഡിക 31)

പാർക്കിംഗ് സൗകര്യം അപര്യാപ്തമായതിനാൽ ഫാമിംഗ് കോർപ്പറേഷന്റെ കൈവശമുള്ള 50 ഹെക്ടർ ഭൂമി കോർപ്പറേഷനിലെ തൊഴിലാളികളുടെ താൽപ്പര്യം ഹനിക്കാത്ത രീതിയിൽ ദേവസ്വം ബോർഡിന് വിട്ടുകൊടുക്കണമെന്ന് സമിതി അതിന്റെ ഇടക്കാല റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ആകയാൽ ഈ സ്ഥലം എത്രയുംപെട്ടെന്ന് ദേവസ്വം ബോർഡിന് കൈമാറാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004

ഫാമിംഗ് കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും 50 ഏക്കർ ദേവസ്വം ബോർഡിന് വിട്ടുകൊടുക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി ഭൂമിയുടെ കൈമാറ്റ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത 50 ഏക്കർ ഉൾപ്പെടെയുള്ള ഭൂമിയിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉത്സവകാലത്ത് ബോർഡ് ഏർപ്പെടുത്തി വരുന്നുണ്ട്.

## റവന്യൂ (ദേവസ്വം) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 11309/ദേവ.2/ആർ.ഡി. തീയതി 9-10-2014

ഫാമിംഗ് കോർപ്പറേഷന്റെ കൈവശമുണ്ടായിരുന്ന നിലയ്ക്കൽ ശബരി എസ്റ്റേറ്റ് ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്.

ശിപാർശ 25 (ഖണ്ഡിക 32)

പാർക്കിംഗ് ഗ്രൗണ്ടും മറ്റും നിലയ്ക്കലിലായതിനാൽ തീർത്ഥാടകരുടെ സൗകര്യാർത്ഥം മൊത്തത്തിൽ ഈ പ്രദേശങ്ങളുടെ വികസനവും കണക്കാക്കി നിലയ്ക്കൽ സാറ്റലൈറ്റ് ടൗൺഷിപ്പ് നിലവിൽ വരണമെന്ന ഇടക്കാല റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കാൻ വേണ്ട നടപടികൾ അടിയന്തരമായും സ്വീകരിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004

ബോർഡിന് അനുവദിച്ച് നൽകിയിട്ടുള്ള വനഭൂമിയിൽ ബേസ് ക്യാമ്പ് നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഭൂമി കൈമാറിക്കിട്ടുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശിപാർശ 27 (ഖണ്ഡിക 34)

മരക്കൂട്ടം മുതൽ സന്നിധാനം വരെ ദർശനത്തിനായി കാത്തുനിൽക്കുന്നവർക്ക് മഴയിൽനിന്നും വെയിലിൽനിന്നും സംരക്ഷണം ലഭിക്കുവാൻ താൽക്കാലിക ഷെൽട്ടറുകൾ നിർമ്മിക്കണമെന്നും ഇതിന്റെ വശങ്ങളിൽ ആവശ്യാനുസരണം ടാപ്പുകൾ ഘടിപ്പിച്ച് എപ്പോഴും ശുദ്ധജലം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 37657/ദേവ.2/ആർ.ഡി. തീയതി 19-8-2004

മരക്കൂട്ടം മുതൽ സന്നിധാനം വരെ ദർശനത്തിനായി കാത്തുനിൽക്കുന്നവർക്ക് വിശ്രമിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി തിരുമല-തിരുപ്പതി ദേവസ്ഥാനം മാതൃകയിൽ ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഇപ്പോൾ ബോർഡിന്റെ സജീവ പരിഗണനയിലാണ്.

ശിപാർശ 28 (ഖണ്ഡിക 35)

ശബരിമല സീസൺകാലത്ത് എരുമേലിയിൽ ഉണ്ടാകുന്ന പരിസരമലിനീകരണം ഒഴിവാക്കുവാൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുമ്പോൾ ദേവസ്വം ബോർഡും എരുമേലി പഞ്ചായത്തധികൃതരും ചേർന്ന് സൗകര്യപ്രദമായ രീതിയിൽ സ്ഥലം കണ്ടെത്തി മലിനീകരണനിയന്ത്രണ ബോർഡിന്റെ സാങ്കേതിക സഹായത്തോടുകൂടിയേ നിർമ്മിക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു. ഡെവലപ്മെന്റിനു വേണ്ടിയുള്ള മുഴുവൻ പണവും പഞ്ചായത്തിന്റെ സഹകരണത്തോടെ ദേവസ്വം ബോർഡ് മുടക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കുടിവെള്ള വിതരണത്തിനായി ഇപ്പോൾ ഉപയോഗിക്കുന്ന 15 ഹോഴ്സ്പവർ മോട്ടോറിന് പകരം 25 ഹോഴ്സ്പവർ മോട്ടോർ ഉപയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 3956/ആർ.സി3/08/തസ്വഭവ. തീയതി 5-2-2008

എരുമേലിയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ദേവസ്വം ബോർഡിന് ലഭിച്ചിട്ടില്ല. പഞ്ചായത്ത് സ്വന്തമായി ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. നിശ്ചിത ഹോഴ്സ്പവർ മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്യണമെന്ന ആവശ്യം വാട്ടർ അതോറിറ്റിയാണ് പരിഗണിക്കേണ്ടത്.

**തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 23200/ഡി.എ 3/07/തസ്വഭവ. തീയതി 7-11-2008

എരുമേലി ഗ്രാമപഞ്ചായത്തിന് ടൗണിൽ സ്വന്തമായി സ്ഥലമില്ല. പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള സ്ഥലം ദേവസ്വം ബോർഡിന്റേതാണ്. ദേവസ്വം ബോർഡ് സ്ഥലം വിട്ടുതരാൻ തയ്യാറായാൽ പഞ്ചായത്ത് ആവശ്യമായ സഹായം നൽകുന്നതാണ്.

കുടിവെള്ള വിതരണത്തിനായി ഇപ്പോൾ ഉപയോഗിക്കുന്ന മോട്ടോർ 50 ഹോഴ്സ് പവർ ആണെന്ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ദേവസ്വം ബോർഡ് ഉപയോഗിക്കുന്ന 15 ഹോഴ്സ്പവർ മോട്ടോർ കൊരട്ടിയാറ്റിൽ നിന്നും അമ്പലക്കുളിക്കടവിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണ്. പമ്പ് പൂർണ്ണമായും ദേവസ്വത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

### ജലവിഭവ (ജലവിതരണ-സി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 13855/സി1/14/ജ.വി.വ. തീയതി 4-11-2014

നിലവിൽ എരുമേലി ശുദ്ധജലവിതരണ പദ്ധതിയിൽ മണിമലയാറ്റിലെ കൊരട്ടി പാലത്തിനു സമീപമുള്ള കിണറ്റിൽ നിന്നും 50 എച്ച്. പി. പമ്പ് സെറ്റ് ഉപയോഗിച്ച് നേർച്ചപ്പാറയിലുള്ള ഫിൽറ്റർ ടാങ്കിൽ വെള്ളം എത്തിച്ച്, അരിച്ചുകിട്ടുന്ന വെള്ളം അണുവിമുക്തമാക്കി ടാപ്പുകളിലൂടെ വിതരണംചെയ്യുന്നു. ശബരിമല മണ്ഡലമകരവിളക്ക കാലത്ത് അയ്യപ്പഭക്തന്മാരുടെ തിരക്ക് പരിഗണിച്ച് മൂന്നു ഷിഫ്റ്റുകളിലായി പമ്പിംഗ് നടത്തിവരുന്നു.

ഇതുസംബന്ധിച്ച് റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല; എന്നിരുന്നാലും ഇതു സംബന്ധിച്ച തുടർനടപടി അവസാനിപ്പിക്കുന്നതിന് സമിതി തീരുമാനിച്ചു.

ശിപാർശ 29 (ഖണ്ഡിക 35)

എരുമേലിയിൽ അത്യാവശ്യം വേണ്ട സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഇൻസിനറേറ്ററും വരുന്ന സീസണിനുമുൻപ് (2002 സീസൺ) പ്രാവർത്തികമാക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

### ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 30624/ജി3/02/ആ.കു.വ. തീയതി 16-2-2004

എരുമേലിയിൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ചോ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനെക്കുറിച്ചോ യാതൊരു അറിയിപ്പും ദേവസ്വം ബോർഡിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡിന് ലഭിച്ചിട്ടില്ല.

### തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 3956/ആർ.സി3/08/തസ്വഭവ. തീയതി 5-2-2008

എരുമേലിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ദേവസ്വം ബോർഡിന് ലഭിച്ചിട്ടില്ല.

## തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 23200/ഡി.എ 3/07/തസ്വഭവ. തീയതി 7-11-2008

ഗ്രാമപഞ്ചായത്ത് പ്രതിദിനം 3 ടൺ കപ്പാസിറ്റിയുള്ള ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ശബരിമല സീസണിൽ കൂടുതൽ ഖരമാലിന്യം സംസ്കരിക്കേണ്ടി വരുന്നതിനാൽ 50 സെന്റ് സ്ഥലം പഞ്ചായത്ത് ടി ആവശ്യത്തിന് വാങ്ങിയിട്ടുണ്ട്. 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഖരമാലിന്യ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതാണ്.

ശിപാർശ 30 (ഖണ്ഡിക 36)

സീസൺ കാലത്തെങ്കിലും ആരോഗ്യ വകുപ്പ് എരുമേലി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യം വേണ്ട മരുന്നുകളും പാരാമെഡിക്കൽ ജീവനക്കാരെയും നിയോഗിക്കണമെന്നും ആംബുലൻസ് ഉൾപ്പെടെയുള്ള അത്യാഹിത വിഭാഗം 24 മണിക്കൂറും പ്രവർത്തനക്ഷമം ആയിരിക്കണമെന്നും ഒരു താലൂക്കാശുപത്രിക്ക് തുല്യമായ സംവിധാനങ്ങൾ ഇവിടെ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ(ആർ.സി.) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 3956/ആർ.സി3/08/തസ്വഭവ. തീയതി 5-2-2008

സീസൺകാലത്ത് പമ്പയിൽ ഹെൽത്ത് വിംഗ് എരുമേലിയിൽ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ആംബുലൻസ് ഉൾപ്പെടെ അത്യാഹിത വിഭാഗം 24 മണിക്കൂറും അവിടെ പ്രവർത്തിച്ചുവരുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല എന്നിരുന്നാലും ഈ ശിപാർശയിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

ശിപാർശ 31 (ഖണ്ഡിക 37)

സീസൺകാലത്ത് പ്രത്യേകിച്ച് പേട്ടതുള്ളൽ സമയത്ത് എരുമേലിയിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് (ഓരുങ്കൽ കടവുവഴി)ബൈപ്പാസ് റോഡും പ്രപ്പോസ് ഗേറ്റ് മുതൽ എം.ഇ.എസ്. കോളേജ് വരെയുള്ള റോഡും ചരള മുതൽ കൊരട്ടി വരെയുള്ള ബൈപ്പാസ് റോഡും അടിയന്തരമായി പണി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 3956/ആർ.സി3/08/തസ്വഭവ. തീയതി 5-2-2008

എം. എൽ. എ. ഫണ്ട് വിനിയോഗിച്ച് ഗതാഗതം സുഗമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 23200/ഡിഎ 3/07/തസ്വഭവ. തീയതി 7-11-2008

ഓരുങ്കൽ കടവുവഴിയുള്ള ബൈപാസ് റോഡും, പ്രെപ്പോസ് ഗേറ്റ് മുതൽ എം.ഇ.എസ്. കോളേജ് വരെയുള്ള റോഡും പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ചരള മുതൽ കൊരട്ടി വരെയുള്ള ബൈപാസ് റോഡ് 8 മീറ്റർ വീതിയിൽ ആക്കുവാൻ ആവശ്യമായ സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ പൂർത്തീകരിച്ചിട്ടില്ല.

മേല്പറഞ്ഞ ശിപാർശയിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല; എന്നിരുന്നാലും ഇതുസംബന്ധിച്ച തുടർനടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

ശിപാർശ 32 (ഖണ്ഡിക 38)

എരുമേലിയിൽ അനുഭവപ്പെടുന്ന വൈദ്യുതക്ഷാമം പരിഹരിക്കുവാൻ റാന്നിയിൽ നിന്നും വൈദ്യുതലൈൻ വലിക്കുവാൻ തടസ്സം ഉള്ളതിനാൽ കാഞ്ഞിരപ്പള്ളിയിൽ നിന്നും ലൈൻ വലിച്ച് എരുമേലിയിൽ 110 കെ.വി. സബ്സ്റ്റേഷന്റെ പണി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ഊർജ്ജ (സി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 6073/സി3/02/ഊ.വ. തീയതി 22-11-2003

റാന്നിയിൽ നിന്നും എരുമേലിയിലേക്ക് 110 കെ.വി. ലൈൻ വലിച്ച്, എരുമേലിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുവാനാണ് വൈദ്യുതി ബോർഡ് അനുമതി നൽകിയിരുന്നത്. എന്നാൽ സ്ഥലമുടമകളുടെ എതിർപ്പ് കാരണം റാന്നിയിൽ നിന്നും എരുമേലിയിലേക്ക് ലൈൻ വലിക്കുന്ന ജോലി തടസ്സപ്പെട്ടിരിക്കുകയാണ്. തടസ്സങ്ങൾ കണക്കിലെടുത്ത് പ്രസ്തുത ജോലിയുടെ കോൺട്രാക്ട് കാര്യത്തിൽ വൈദ്യുതി ബോർഡ് നിയമോപദേശം തേടുകയും ഈ ഘട്ടത്തിൽ റാന്നി-എരുമേലി ലൈനിന്റെ വർക്ക്

ടെർമിനേറ്റ് ചെയ്യുന്നത് കൂടുതൽ നിയമപ്രശ്നങ്ങൾക്ക് ഇടയാക്കും എന്നുള്ള നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തടസ്സങ്ങൾ എത്രയും വേഗം നീക്കി ലൈൻവർക്ക് പുനരാരംഭിക്കാൻ ബോർഡ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൻപ്രകാരം ബോർഡിന്റെ പൂവന്തുരുത്ത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കോൺട്രാക്ടർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും, പ്രൊഫൈൽ അംഗീകരിച്ചാൽ ഉടനെ വർക്ക് പുനരാരംഭിക്കാമെന്ന് കോൺട്രാക്ടർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദ്രവ്യടമകളുടെ തടസ്സങ്ങൾ നീക്കുന്നതിനുള്ള സത്വരനടപടികളും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സ്വീകരിച്ച് വരുന്നുണ്ട്.

കാഞ്ഞിരപ്പള്ളി സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിച്ചാൽ മാത്രമേ കാഞ്ഞിരപ്പള്ളിയിൽ നിന്നും എരുമേലിയിലേക്ക് 110 കെ.വി. ലൈൻ വലിക്കുന്നതിന് സാധിക്കു. കാഞ്ഞിരപ്പള്ളി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ലൈൻ വലിക്കുന്നതിന് രണ്ട് നിർദ്ദേശങ്ങൾ ഇപ്പോൾ വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ട്.

(i) ഈരാറ്റുപേട്ട സബ്സ്റ്റേഷനിൽ നിന്നും കാഞ്ഞിരപ്പള്ളിയിലേക്ക് 110 കെ.വി. ലൈൻ വലിക്കുക.

(ii) പള്ളം-കാഞ്ഞിരപ്പള്ളി 66 കെ.വി. ലൈനിന്റെ ശേഷി 110 ആയി ഉയർത്തുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ നിന്നും ഏറ്റവും അനുയോജ്യമായത് കണ്ടെത്തുന്നതിന് വേണ്ടിയുള്ള സാധ്യതാപഠനം വൈദ്യുതി ബോർഡ് നടത്തിവരികയാണ്.

## അദ്ധ്യായം III

## ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 2 (ഖണ്ഡിക 10)

ശബരിമല സീസൺകാലത്ത് ഈ ജലത്തിൽ സ്നാനം ചെയ്ത് മടങ്ങുന്ന അയ്യപ്പ ഭക്തൻമാർക്ക് ഇതുമൂലം ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

ശിപാർശ 26 (ഖണ്ഡിക 33)

സീസൺകാലത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി സമിതിയുടെ ഇടക്കാല റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്ന പാലാംപടം ഗേറ്റ് മുതൽ എം.ഇ.എസ്. കോളേജ് വഴിയുള്ള ലിങ്ക് റോഡിന്റെയും കൊരട്ടി മുതൽ ഓരുങ്കൽ കടവ് വഴി കനകപ്പാലം വരെയുള്ള ലിങ്ക് റോഡ്/ചരള മുതൽ കൊരട്ടി വരെയുള്ള ബൈപാസ് റോഡിന്റെയും പണി ഉടനടി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നാറണംതോട്-ഇലവുങ്കൽ റോഡ് പണി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി സ്റ്റേജ്-2-ന്റെ അനുമതിക്കായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമായി അടിയന്തരമായി ബന്ധപ്പെടണമെന്നും റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറാനുള്ള സത്വരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

റിപ്പോർട്ടിലെ 2(10), 26(33) എന്നീ ശിപാർശകളിന്മേൽ ഒരു മറുപടിയും ലഭ്യമാക്കാത്ത റവന്യൂ (ദേവസ്വം) വകുപ്പിന്റെ നടപടിയിൽ സമിതി അസന്തുഷ്ടി രേഖപ്പെടുത്തുന്നതോടൊപ്പം അതിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്യുന്നു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 18.

അനുബന്ധം

## ശബരിമലയിലെ പാരിസ്ഥിതിക സംരക്ഷണത്തിനായി പരിസ്ഥിതി വകുപ്പ് സ്വീകരിച്ച നടപടികൾ

ഗവൺമെന്റ് കത്ത് നമ്പർ 5113/എ 2/13/പരി.തീയതി 13-3-2014

**ശബരിമലയിലെ പാരിസ്ഥിതിക സംരക്ഷണ നടപടികൾ**

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുണ്ടാകുന്ന മലിനീകരണത്തോത് കുറയ്ക്കുന്നതിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പരിസ്ഥിതി വകുപ്പിൽ നിന്നും പുറപ്പെടുവിച്ചുവരുന്നു.

ഇത്തരത്തിൽ 2011-12 തീർത്ഥാടനകാലത്ത് ഉണ്ടായേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 16-11-2011-ലെ (കൈ.)06/11/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ എപ്രകാരം നടപ്പാക്കി എന്ന് പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെയും നിയോഗിക്കുകയുണ്ടായി. സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കിയതിലെ പോരായ്മകൾ റിപ്പോർട്ട് ചെയ്ത സമിതി ഇവ പരിഹരിക്കുന്നതിന് ആവശ്യമായ ശിപാർശകളും സമർപ്പിച്ചു. ഈ ശിപാർശകളിൽ പ്രായോഗികമായവ സർക്കാർ അംഗീകരിച്ച് 25-9-2013-ലെ (കൈ.)09/13/പരി. നമ്പർ ഉത്തരവായി പുറപ്പെടുവിക്കുകയും അവ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവയ്ക്ക് നൽകുകയും ചെയ്തു.

ശബരിമലയിലെ മലിനീകരണനിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി "ശബരിമല സീറോ വേസ്റ്റ് മാനേജ്മെന്റ് " എന്ന പദ്ധതിക്ക് അംഗീകാരം നൽകി 5 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയിലെ വിവിധ ഘടക പദ്ധതികൾ ശബരിമല മാസ്റ്റർ പ്ലാനിന് വേണ്ടിയുള്ള ഉന്നതാധികാര സമിതിയുടെ അനുമതിയോടെ നടപ്പാക്കാനാണ് അനുമതി നൽകിയിരുന്നത്. 2011-12-ൽ അനുവദിച്ച തുകയുടെ വിനിയോഗത്തിൽ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ ഉന്നതാധികാര സമിതിയുടെ അംഗീകാരം കൂടാതെ തന്നെ ടി തുക വിനിയോഗിക്കുന്നതിനുള്ള അധികാരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് നൽകി. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ് ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനും ടി തുക വിനിയോഗിക്കുന്നതിന് 25-9-2013-ലെ (കൈ.) 09/13/പരി. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ശബരിമലയിലെ മറ്റൊരു പാരിസ്ഥിതിക പ്രശ്നമായിരുന്ന എരുമേലി പേട്ടതുള്ളലിനോടനുബന്ധിച്ചുള്ള ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായിട്ടുള്ള വർണ്ണപ്പൊടികളുടെ

ഉപയോഗം അപകടകരമായ രാസവസ്തുക്കൾ അടങ്ങിയ ഇത്തരം വർണ്ണപ്പൊടികളുടെ ഉപയോഗം കർശനമായി നിരോധിക്കണമെന്ന് പരിസ്ഥിതി സംബന്ധിച്ച സമിതി 23-2-2011-ൽ നിയമസഭയിൽ സമർപ്പിച്ച 10-ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയുണ്ടായി. ഈ ശിപാർശയും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ് എന്നിവയുടെ റിപ്പോർട്ടും പരിഗണിച്ച്, ജലമലിനീകരണത്തിനും പൊതുജനാരോഗ്യത്തിനും (ഭക്തജനങ്ങൾ ഉൾപ്പെടെ) ഉണ്ടാക്കിയേക്കാവുന്ന ഗുരുതരമായ ഭവിഷ്യത്തുകൾ കണക്കിലെടുത്ത് അപകടകരമായ രാസവസ്തുക്കൾ അടങ്ങിയ വർണ്ണപ്പൊടികളുടെ (കുങ്കുമം) ഉപയോഗം നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് [ജി.ഒ. (എംഎസ്.)10/13/പരി. തീയതി 17-10-2013] പുറപ്പെടുവിച്ചിട്ടുണ്ട്.

ശബരിമലയിലെ പാരിസ്ഥിതിക സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾകൂടി തീർത്ഥാടനത്തോടനുബന്ധിച്ച് തയ്യാറാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് മലിനീകരണനിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

# കേരള സർക്കാർ

## സംഗ്രഹം

പരിസ്ഥിതി വകുപ്പ്—ശബരിമല തീർത്ഥാടനം—പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ—ഉത്തരവാകുന്നു

---

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(കൈ.) നമ്പർ 06/11/പരി. *തിരുവനന്തപുരം, 2011 നവംബർ 16.*

---

പരാമർശം :— 1. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി 28-7-2010-ൽ സമർപ്പിച്ച എട്ടാമത് റിപ്പോർട്ട്.

2. ഡി.ബി.പി. 53/2010-ൽ 22-9-2010-ലും 3-11-2010-ലും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുകൾ.

3. 3282/2010 നമ്പർ റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി 26-4-2011-ൽ പുറപ്പെടുവിച്ച ഉത്തരവ്.

4. 28-3-2011-ൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അയച്ച പി സി ബി/റ്റി എ സി/എൽ സി/ 788/10 നമ്പർ കത്ത്.

5. 25-6-2011-ൽ നടന്ന പാർലമെന്റംഗങ്ങളുടെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

6. ശബരിമലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് 11-10-2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ചർച്ചയുടെ നടപടിക്കുറിപ്പ്.

## ഉത്തരവ്

ശബരിമലയിലെ അതിലോലമായ വന്യജൈവവൈവിധ്യ ആവാസവ്യവസ്ഥയിലേക്കുള്ള ചെറിയ കടന്നുകയറ്റം പോലും അതിന്റെ സന്തുലിതാവസ്ഥയെ തകിടംമറിക്കുമെന്നതിനാൽ ഭക്തലക്ഷങ്ങളുടെ പ്രവാഹം വനമേഖലയിലെ പാരിസ്ഥിതിക വ്യവസ്ഥയെ

ബാധിക്കാതിരിക്കണമെങ്കിൽ ഭരണാധികാരികളും തീർത്ഥാടകരും വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ടെന്നും, തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതോടൊപ്പം, പരമാവധി പരിസ്ഥിതി മലിനീകരണം ഒഴിവാക്കി പരിസ്ഥിതി സന്തുലനം കാത്തുസൂക്ഷിക്കുന്നതിന്, വിവിധ വകുപ്പുകളുടെ ഏകോപനവും ആസൂത്രിതമായ പ്രവർത്തനവും അത്യാവശ്യമാണെന്നും, തീർത്ഥാടകർക്കായി ഒരുക്കേണ്ടതിന്റെ ഭാഗമായ നിർമ്മാണപ്രവർത്തനങ്ങളും, ദൈനംദിന പ്രവർത്തനങ്ങൾമൂലം ഉണ്ടാകുന്ന മലിനീകരണം നിയന്ത്രിക്കേണ്ടതാണെന്നും ഒന്നാമത് സൂചിപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

2. ശബരിമല തീർത്ഥാടനകാലത്ത് പമ്പാനദി മലിനപ്പെടുന്നതും, പ്ലാസ്റ്റിക്, മലിനീകരണവും പൊതുജനാരോഗ്യ ഭീഷണിയും ഉണ്ടാക്കുന്നതുമായ മറ്റ് വസ്തുക്കൾ, എന്നിവ തീർത്ഥാടന പാതകളിലും, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ ഉപേക്ഷിക്കുന്നതും, കർശനമായി തടയേണ്ടതിന്റെയും ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയും, അതിലേക്കായി, സന്നിധാനത്തും, പമ്പ, ചാലക്കയം, നിലയ്ക്കൽ, എരുമേലിയുൾപ്പെടെയുള്ള ഇടത്താവളങ്ങളിലും തീർത്ഥാടകരുടെയും, മറ്റുള്ളവരുടെയും പ്രവർത്തനങ്ങൾ, സൂചനയിലുള്ള കോടതിയുത്തരവുകൾ പാലിച്ചായിരിക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും, സംസ്ഥാന സർക്കാരും, മലിനീകരണനിയന്ത്രണ ബോർഡും ഉറപ്പാക്കണമെന്നും, പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാരും, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെടുന്ന എക്സിക്യൂട്ടീവ് അധികാരമുള്ള ഉദ്യോഗസ്ഥരും, പോലീസ് അധികാരികളും അപ്രകാരമുള്ള നടപടികൾക്ക് ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്ന പോലീസ് സഹായം ലഭ്യമാക്കണമെന്നും രണ്ടും, മൂന്നും സൂചനകൾ പ്രകാരം ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇക്കാര്യങ്ങൾ അഞ്ച്, ആറ് സൂചനകളിൽ പരാമർശിക്കുന്ന ചർച്ചകളിൽ വിഷയീഭവിക്കുകയും, ശബരിമല തീർത്ഥാടനകാലത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഹ്രസ്വകാല, ദീർഘകാല നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങളും സൂചന നിയമസഭാ സമിതി റിപ്പോർട്ടിലെയും, ഹൈക്കോടതി ഉത്തരവുകളിലെയും നിർദ്ദേശങ്ങളും നടപ്പാക്കുന്നതിന്റെ ഭാഗമായി, ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

3.1 സന്നിധാനത്തും, പമ്പയിലും, സ്വീവേജ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ ഉണ്ടാകുംവരെ രണ്ടിടങ്ങളിൽ നിന്നും പമ്പാനദിയിലേക്ക് ഒഴുകിയെത്തുന്ന നിർഗ്ഗമനജലം, അതിനുള്ള ഗുണനിലവാരം പാലിച്ചുള്ളതാണെന്ന് ദേവസ്വം ബോർഡും, മലിനീകരണനിയന്ത്രണ ബോർഡും ഉറപ്പാക്കേണ്ടതാണ്. ഹോട്ടലുകളിൽ നിന്നുള്ള മാലിന്യങ്ങൾ നദിയിലെത്താതിരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

3.2 മലിനജല ശുദ്ധീകരണത്തിന്, നേരത്തെ പരിശോധിച്ചും പ്രയോഗിച്ചും, ഉപയോഗക്ഷമത ഉറപ്പാക്കിയതും, പൊതുജനാരോഗ്യത്തിന് യാതൊരു വിധത്തിലും ഹാനികരവുമല്ലാത്ത രാസവസ്തുക്കൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 'കണ്ടാമിനേറ്റഡ് ഫെറസ് ക്ലോറൈഡ് ' രാസപദാർത്ഥം യാതൊരു കാരണവശാലും ഉപയോഗിക്കാവുന്നതല്ല.

3.3. സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ 22-11-2010-ലെ പി സി ബി/എച്ച് ഒ/പി എൽ എ/ജി ഇ എൻ/2010 നമ്പർ വിജ്ഞാപനപ്രകാരം ശബരിമലയിലും പ്രധാന തീർത്ഥാടന ഇടത്താവളങ്ങളിലും പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിച്ചിരിക്കയാണ്. ഈ നിരോധനം പൂർണ്ണമായി നടപ്പാക്കുന്നതിന് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ജില്ലാ ഭരണകൂടങ്ങളും, പോലീസ് വകപ്പും രണ്ട്, മൂന്ന് സൂചനകളിലെ ഉത്തരവുകൾ, അനുസരിച്ചുള്ള നിയമപരമായ പിന്തുണയും നടപ്പാക്കുന്നതിനുള്ള സഹായങ്ങളും നൽകേണ്ടതാണ്.

3.4 തീർത്ഥാടകർ വസ്ത്രം പമ്പാനദിയിൽ ഉപേക്ഷിക്കുന്നത് ശേഖരിക്കുന്നതിനുള്ള ലേലം ചെയ്യുമ്പോൾ നദിയിൽ ഉപേക്ഷിക്കുന്ന എല്ലാ വസ്ത്രങ്ങളും എടുത്തുമാറ്റാൻ വ്യവസ്ഥയുണ്ടാക്കേണ്ടതും അത് കർശനമായി പാലിക്കുന്നു എന്ന് ദേവസ്വം ബോർഡ് ഉറപ്പാക്കേണ്ടതുമാണ്.

3.5 സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ കാര്യക്ഷമമായ ഇൻസിനറേറ്ററുകൾ സ്ഥാപിക്കേണ്ടതും, അവ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ദേവസ്വം ബോർഡ് ഉറപ്പാക്കേണ്ടതുമാണ്.

3.6 പ്ലാസ്റ്റിക് നിരോധനം നിലവിലില്ലാത്ത ഇടത്താവളങ്ങളിലും, ജലാശയങ്ങളിലും, എണ്ണ, ഷാമ്പൂ, ചായങ്ങൾ, പല്ലുതേക്കാനായി ഉപയോഗിച്ച ശേഷമുള്ള വസ്തുക്കൾ, കടലാസ്സുകൾ, പ്ലാസ്റ്റിക് കൂടുകൾ എന്നിവ ഉപേക്ഷിക്കുന്നത് തടയുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, അവ നിക്ഷേപിക്കുന്നതിനും, ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

4. ശബരിമലയിലും, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലും മറ്റ് ഇടത്താവളങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള 'വിശുദ്ധ സേനാംഗങ്ങൾക്ക് ' നൽകേണ്ട പ്രതിഫലം കൃത്യസമയത്തുതന്നെ നൽകേണ്ടതാണ്.

5. പ്രധാന തീർത്ഥാടനകേന്ദ്രങ്ങളായ ചെങ്ങന്നൂർ, പന്തളം, കുളനട എന്നിവിടങ്ങളിൽ അതാതിടങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ട താണ്. പന്തളത്ത് കൂടുതൽ ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടതും, മാലിന്യം അച്ചൻകോവിലാറ്റിലേക്ക് തുറന്നുവിടുന്ന രീതി കർശനമായി അവസാനിപ്പിക്കേണ്ടതുമാണ്.

6.1. എരുമേലിയിലെ ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം സർക്കാർ ലഭ്യമാക്കുന്നതാണ്. അതിനും, ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ പരിശോധനകൾ നടത്തി മലിനീകരണ നിയന്ത്രണ ബോർഡ്, വിശദമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

6.2. എരുമേലി കരിങ്കല്ലുമുഴി-കൊരട്ടിപ്പാലം തോട്ടിൽ വീടുകളിൽ നിന്നുള്ള കക്കൂസ് മാലിന്യങ്ങൾ നേരിട്ട് തുറന്നുവിടുന്ന രീതി കർശനമായി അവസാനിപ്പിക്കേണ്ടതാണ്.

7. ശബരിമലയും, അനുബന്ധ തീർത്ഥാടനകേന്ദ്രങ്ങളും, ശുചിയായി സംരക്ഷിക്കുന്നതിനും, നദികളിൽ മാലിന്യങ്ങൾ എത്താതിരിക്കുന്നതിനും, തീർത്ഥാടകർ സഹകരിക്കേണ്ടതിന്റെയും ഇക്കാര്യങ്ങളിൽ നിയമസഭാ സമിതിയും, ഹൈക്കോടതിയും, സർക്കാരും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അറിയിക്കുന്നതുമായ ലഘുലേഖകൾ മലയാളം, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിൽ അച്ചടിച്ച് തീർത്ഥാടകർക്കും, കച്ചവടക്കാർ, തൊഴിലാളികൾ, എന്നിവർക്കിടയിലും വ്യാപകമായി പ്രചരിപ്പിക്കേണ്ടതാണ്. കൂടാതെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഭാഷാപത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

സെക്രട്ടറി, കേരളാ നിയമസഭ (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരളാ ഹൈക്കോടതി (ആമുഖ കത്ത് സഹിതം)

പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)

കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്

ചെയർമാൻ, കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, തിരുവനന്തപുരം

സ്റ്റേറ്റ് പോലീസ് ചീഫ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

ഡയറക്ടർ, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം-13

പഞ്ചായത്ത് ഡയറക്ടർ

മുനിസിപ്പാലിറ്റീസ് ഡയറക്ടർ

802/2015.

ജില്ലാ കളക്ടർ, പത്തനംതിട്ട/കോട്ടയം

ജില്ലാ പോലീസ് സൂപ്രണ്ട്, ആലപ്പുഴ/പത്തനംതിട്ട/കോട്ടയം

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട/കോട്ടയം

ജില്ലാ പരിസ്ഥിതി എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, പത്തനംതിട്ട/കോട്ടയം/ആലപ്പുഴ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, റാന്നി-പെരുനാട്, എരുമേലി, പന്തളം

സെക്രട്ടറി, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി

ജനറൽ സെക്രട്ടറി, 'പമ്പാ പരിരക്ഷണ സമിതി' 'പ്രശാന്ത്', മാരാമൺ (പി.ഒ.), പത്തനംതിട്ട-689 549.

ജനറൽ സെക്രട്ടറി, അയ്യപ്പ സേവാസംഘം, ഫോർട്ട് (പി.ഒ.), തിരുവനന്തപുരം-23

തദ്ദേശസ്വയംഭരണ വകുപ്പ്

റവന്യൂ (ദേവസ്വം) വകുപ്പ്

വനം വകുപ്പ്

ജലവിഭവ വകുപ്പ്

പബ്ലിക്ക് റിലേഷൻസ് വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം)യുടെ പി.എ.യ്ക്ക്

പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

# കേരള സർക്കാർ

## സംഗ്രഹം

പരിസ്ഥിതി വകുപ്പ്—ശബരിമല തീർത്ഥാടനം—പാരിസ്ഥിതിക സംരക്ഷണ നടപടികൾ—അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(കൈ.) നമ്പർ 09/13/പരി. *തിരുവനന്തപുരം, 2013 സെപ്റ്റംബർ 25.*

പരാമർശം:— (1) 16-11-2011-ലെ (കൈ.) നമ്പർ 6/11/പരി. നമ്പർ സർക്കാർ ഉത്തരവ്

(2) 11-1-2012-ലെ (കൈ.) നമ്പർ 1/12/പരി. നമ്പർ സർക്കാർ ഉത്തരവ്

(3) 31-3-2012-ലെ (കൈ.) നമ്പർ6/12/പരി. നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

വേമ്പനാട് കായൽ ഉൾപ്പെടെ മധ്യതിരുവിതാംകൂർ മേഖലകളിലെ ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നമാണ് ശബരിമല തീർത്ഥാടനകാലത്തെ ജലമലിനീകരണവും, തീർത്ഥാടന സ്ഥലങ്ങളിലെയും കടുവാസങ്കേതമായ വനങ്ങളിലെയും മലിനീകരണവും. ഇക്കാര്യത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഉൾപ്പെടെയുള്ള നിയമസഭാ സമിതികൾ പല പ്രധാന ശിപാർശകളും നൽകിയിട്ടുണ്ട്.

2. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.

3. ശബരിമലയിലെ മലിനീകരണം കുറയ്ക്കുന്നതിന് സഹായകമായ ഈ നിർദ്ദേശങ്ങൾ എപ്രകാരം നടപ്പാക്കി എന്നറിയാൻ പരാമർശം രണ്ട് പ്രകാരം നിയോഗിച്ച വിദഗ്ദ്ധ സമിതി 2011-12-ലെ തീർത്ഥാടനകാലം കഴിഞ്ഞ് തൊട്ടടുത്ത ദിവസം പരിശോധന നടത്തുകയും റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. അന്വേഷണ വേളയിൽ കണ്ടെത്തിയ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ

ശിപാർശകളും വിദഗ്ധ സമിതി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ ശിപാർശകൾ വിശദമായി പരിശോധിച്ചു. ശബരിമലയിലെ പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുന്നതിനായി വിദഗ്ധ സമിതി സമർപ്പിച്ച താഴെ പറയുന്ന ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

(1) സന്നിധാനത്തും അനുബന്ധ പ്രദേശങ്ങളിലും വന ആവാസ വ്യവസ്ഥയുടെ പ്രത്യേകതകൾ ചിത്രീകരിച്ച് ദൃശ്യമാധ്യമങ്ങൾ വഴി (ദൂരദർശൻ കൂടാതെ ദക്ഷിണേന്ത്യൻ ദൃശ്യമാധ്യമങ്ങളിലൂടെ) മണ്ഡലകാലത്ത് തുടർച്ചയായി സംപ്രേക്ഷണം ചെയ്യേണ്ടതാണ്. സന്നിധാനവും പമ്പയും മാലിന്യരഹിതമായും പരിശുദ്ധമായും കാത്തുസൂക്ഷിക്കേണ്ടത് ഓരോ ഭക്തന്റെയും കടമയാണെന്ന് ബോധ്യമാക്കുന്ന പരസ്യങ്ങൾ സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പോ ദേവസ്വം ബോർഡോ മുൻകൈയെടുത്ത് സംപ്രേക്ഷണം നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

(2) പമ്പാനദിയിൽ സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പോ ദേവസ്വം ബോർഡോ മുൻകൈയെടുത്ത് എൽ.സി.ഡി. മുഖേന ശബരിമലയിലെ പരിസ്ഥിതി കാത്തുസൂക്ഷിക്കേണ്ടതിനെക്കുറിച്ച് ഹ്രസ്വചിത്രങ്ങൾ തുടർച്ചയായി സംപ്രേക്ഷണം ചെയ്യണം.

(3) പമ്പാനദിയിൽ വസ്ത്രം ഉപേക്ഷിക്കുന്നത് ഇടക്കാലത്ത് രൂപപ്പെട്ട ഒന്നാണ്. ഇപ്പോൾ ഇതിന് ഒരാചാരസ്വഭാവം കൈവന്നിരിക്കുന്നു. ദേവസ്വം ബോർഡ് മുൻകൈയെടുത്ത് ഈ പ്രവണത പുഴയും പ്രകൃതിയും സംരക്ഷിക്കുന്ന സാംസ്കാരിക പാരമ്പര്യത്തിന് എതിരാണെന്ന് ഭക്തരെ ബോധവൽക്കരിക്കേണ്ടതാണ്.

(4) പമ്പാനദിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന വസ്ത്രങ്ങളടക്കമുള്ള മാലിന്യങ്ങൾ ആവശ്യമെങ്കിൽ യന്ത്രസഹായത്തോടെ നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) മകരവിളക്ക് കഴിഞ്ഞ് നട അടച്ചതിനുശേഷം വനം വകുപ്പ് ഉദ്യോഗസ്ഥരും ഇ.ഡി.സി. പോലുള്ള കമ്മിറ്റികളും പമ്പ-സന്നിധാനം പാതകൾ പരിശോധിച്ച് കച്ചവടക്കാരും മറ്റും കടകൾക്കും മാലിന്യങ്ങൾക്കും തീകൊളുത്തുന്നത് തടയുവാനും വനത്തിന് നാശം സംഭവിക്കാതിരിക്കുവാനും ഉള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(6) ഞുണങ്ങാർവഴി മാലിന്യങ്ങൾ നേരെ പമ്പയിലേക്ക് എത്തിച്ചേരുന്ന അവസ്ഥയിൽ മാലിന്യങ്ങൾ പമ്പയാറ്റിൽ എത്തിച്ചേരുന്നത് തടയുന്നതിനായി ഞുണങ്ങാർ പമ്പയുമായി ചേരുന്നതിനുമുമ്പ് ശക്തമായൊരു തടയണ നിർമ്മിക്കേണ്ടതാണ്.

(7) ചെറിയാനവട്ടത്ത് വിസർജ്ജ്യമാലിന്യം ശേഖരിക്കുന്നതിനായി നിർമ്മിച്ച കുഴികൾ നദിയോരത്ത് തന്നെയാണ്. നദിയിൽനിന്ന് 50 മീറ്റർ അകലെ ചരിവ് കുറഞ്ഞ ഭാഗത്ത് എവിടെയെങ്കിലും ഇത്തരം കുഴികൾ സ്ഥാപിക്കേണ്ടതാണ്.

(8) സന്നിധാന-പാതയിൽ മണ്ഡലകാലത്ത് മലിനീകരണ നിയന്ത്രണ ബോർഡ് നാഷണൽ സർവ്വീസ് വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. സേനാംഗങ്ങളുടെ അംഗസംഖ്യ നിലവിലെ പ്രതിദിനം 10 എന്നതിൽ നിന്നും 50 എന്നതിലേക്ക് ഉയർത്തേണ്ടതാണ്. ഇവരുടെ സേവനം പൂർണ്ണമായും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് മുൻതൂക്കം നൽകിയുള്ളതാകണം. മറ്റ് സന്നദ്ധ സംഘടനകളുടെ സേവനം മണ്ഡലകാലത്ത് പ്രയോജനപ്പെടുത്തുന്ന കാര്യവും പരിശോധിക്കേണ്ടതാണ്.

(9) മണ്ഡലകാലം കഴിഞ്ഞ് സ്വീവേജ് പ്ലാന്റും ഇൻസിനറേറ്ററും മാലിന്യങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തു തീരുംവരെ തുടർന്നു പ്രവർത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(10) സന്നിധാനത്ത് ഖരജല മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ളതാണ്. ആവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും ദേവസ്വം ബോർഡിന് നൽകിയിട്ടുള്ളതിനാൽ എത്രയുംവേഗം പ്ലാന്റ് സ്ഥാപിച്ച് സന്നിധാനത്ത് ഉണ്ടാകുന്ന മാലിന്യം പൂർണ്ണമായും സംസ്കരിക്കുവാനുള്ള സംവിധാനം അടിയന്തരമായി നടപ്പിലാക്കുവാൻ ദേവസ്വം ബോർഡ് നടപടി സ്വീകരിക്കേണ്ടതാണ്.

3.1 ശബരിമലയിൽ മെച്ചപ്പെട്ട പാരിസ്ഥിതിക അവസ്ഥ നിലനിർത്തുന്നതിനായി, തീർത്ഥാടനകാലത്ത് നടത്തുന്ന പരിശോധനകളുടെയും മേൽനോട്ടത്തിന്റെയും അടിസ്ഥാനത്തിൽ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിച്ച ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ശിപാർശകൾ ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിരിക്കുന്നു.

4. ശബരിമലയിലെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 2011-12-ൽ സർക്കാർ പരാമർശം മൂന്ന് പ്രകാരം അനുവദിച്ച 5 കോടി രൂപയിൽ നാമമാത്രമായ തുകയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. പമ്പയാറിലെ മലിനീകരണം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 9-5-2013-ൽ നടത്തിയ അവലോകന യോഗത്തിൽ സർക്കാർ അനുവദിച്ച തുക പത്തനംതിട്ട ജില്ലാ കളക്ടർ വശം ഉള്ളത് ഉപയോഗിക്കരുത് എന്ന നിർദ്ദേശം കിട്ടിയതായി ജില്ലാ കളക്ടർ യോഗത്തിൽ അറിയിക്കുകയുണ്ടായി. ഏതൊക്കെ ഘടകപദ്ധതികൾക്കാണ് 5 കോടി രൂപ വിനിയോഗിക്കേണ്ടത് എന്ന് സർക്കാർ

ഉത്തരവിൽ വ്യക്തമാക്കിയിരുന്നിട്ടും തുക വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പരാമർശം 3 ഉത്തരവിലെ പദ്ധതികൾക്കു പുറമേ മേൽ ഖണ്ഡിക 3-ലെ പ്രവൃത്തികൾക്കും അനുബന്ധത്തിലെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്കും ടി തുക, വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടവയല്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

5. ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ 2013-14-ലെ തീർത്ഥാടനകാലത്ത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ അതത് വകുപ്പുകൾ/സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

6. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കുന്ന പ്രത്യേക റിപ്പോർട്ടിൽ, ഈ ഉത്തരവു പ്രകാരം ഓരോ വകുപ്പും സ്ഥാപനവും സ്വീകരിച്ച നടപടികളെപ്പറ്റിയും പ്രതിപാദിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജി. രാജീവ്,**
*അഡീഷണൽ സെക്രട്ടറി.*

പ്രസിഡന്റ്/സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം

റെഡ്ക്രോസ്, കവടിയാർ, തിരുവനന്തപുരം

കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം

ജില്ലാ കളക്ടർ, പത്തനംതിട്ട

ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം

ഡയറക്ടർ, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ (ഐ ആന്റ് എ), തിരുവനന്തപുരം

സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത്, എരുമേലി

എൻവയോൺമെന്റൽ എഞ്ചിനീയർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പത്തനംതിട്ട

പ്രോജക്ട് ഡയറക്ടർ, പമ്പാ റിവർ ബേസിൻ അതോറിറ്റി (സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജലസേചന വകുപ്പ്-സൗത്ത് സർക്കിൾ), പി.എം.ജി. ജംഗ്ഷൻ, തിരുവനന്തപുരം

റവന്യൂ (ദേവസ്വം) വകുപ്പ്

വനം വകുപ്പ്

ജലവിഭവ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

## 6. SUGGESTIONS AND RECOMMENDATIONS

Based on the periodical inspections, observations and monitoring, following recommendations and suggestions are made for the better environmental upkeep during next season. If these suggestions are implemented in true spirit, the coming Sabarimala Festivals can be made more eco-friendly.

### 7.1 Pamba

#### 7.1.1 Sewage Treatment Plant

(i) The existing STP has only 40 to 50% efficiency. Hence this has to be augmented immediately so as to attain 100% efficiency.

(ii) STP and Incinerator maintenance shall be completed and put into operation at least *one week* before the festival season.

(iii) The whole effluent in septic tanks and collections sumps shall be pumped out and treated in STP before the beginning of festival season.

(iv) Buffer holding tanks of at least 2 lakhs litres should be provided to hold the effluent in case of any failure, in STP units.

(v) After the construction of the buffer tanks, the existing equalization tank can be converted to chlorination tank and the overflow shall be directed to the existing chlorination tanks which can be converted into a final collection/holding tank.

(vi) Permanent transparent roofing shall be provided to the sludge drying beds and solid wastes segregation site.

(vii) The STP shall be augmented with multiple module treatment system with teritary treatment to attain river quality standards.

(viii) The final capacity of the STP after augmentation shall be capable of handling peak loads and future demands.

(ix) The STP operator shall be fixed with responsibility to attain certain standards with the existing facilities. Otherwise the operators responsibility confine to the operation of some pumps only. Stage wise percentage reductions of pollutants also shall be insisted.

(x) Efficient sprinkling system extended deep into the forest shall be provided to dispose excess treated effluent safely.

(xi) Sufficient number of large soak pits shall be provided near STP to prevent the treated effluent directly reaching the Njunangar River.

(xii) Surface flow from discharge area shall be diverted to down stream of river treatment area through open channels. This will promote further percolation and natural aeration.

### 7.1.2 Solid waste disposal

(1) Incinerator operation shall be increased to two shifts.

(2) Skilled scavengers shall be employed for handling the solid waste in the incineration activities in future to ensure proper handling of the waste.

(3) Preheating facility with hot emissions from the incinerator shall be considered to improve efficiency of incineration.

(4) The scrubbing water from incinerator shall be treated and reused.

(5) Treated effluent shall be utilized for water scrubbing in incinerator.

## 7.2 Sannidhanam

(1) A sewage treatment plant of minimum 5 MLD capacity shall be constructed as multiple module type so as to operate each module depends upon influent load. Required modules can be operated during each monthly pooja period.

(2) If the construction of STP is not practical at Sannidhanam, then establishment of this additional STP at Cheriyanavattom may be considered.

(3) Even though plastic shredder has been provided, it is not found efficient. This machine may be replaced with hydraulic press to compress the pet bottle so as to make transportation easier.

(4) The pressure sand filter provided in the Bhasmakulam pond shall be made operational to improve the pond water quality.

(5) Sufficient number of free urinals shall be provided at each sector.

(6) Facility for bathing may be provided at each sector to prevent the misuse of drinking water.

(7) Proper signboards with site plan showing the location of toilets, bathrooms and urinals with user fee shall be placed at all important locations.

(8) The movement of solid wastes was affected during peak season. Hence a service road may be provided along the outer periphery for the easy transport of solid waste to incinerator.

## 7.3 Nilakkal

(1) A full-fledged sewage treatment plant of adequate capacity shall be planned and commissioned before the next season. A proposal in this regard with time schedule for implementation of the same shall be prepared immediately so as to complete the same before next season.

(2) Sufficient number of urinals and facilities for bathing shall be provided at each sector.

(3) Incinerator shall be made operational.

## 7.4 General Aspects

(1) About 650 Nos. of SSS workers are camping at Pamba and Sannidhanam for cleaning activities. But their camp sheds are not provided with toilet facilities. Hence they use river beds and banks for thier daily needs. Seperate toilet facility shall be provided for them.

(2) Sufficient number of shady trees shall be planted along the Pamba, Manappuram and Triveni Manappuram with the assistance of forest Department to protect the pilgrims from hot sun.

(3) Fencing provided along riverbank from KSRTC to Triveni and Arattukadavu to Cheriyanavattom shall be properly maintained and protected.

(4) Use of horn type loud speakers shall be stopped and box type loud speakers may be used. The maximum noise level of loud speaker shall not exceed 85 dB, so as to attain a maximum of 45 dBA (Leq).

(5) All hospitals shall be provided with facilities for safe disposal of biomedical wastes generated.

(6) Three numbers of dustbins with different colours and label (to collect food waste, incinerable waste like paper cups/plates and other general recyclable wastes including plastic/pet bottles shall be placed at various locations so as to segregates the waste at source.

(7) Special condition regarding the responsibility of wastes disposal shall be included in the licence issued to hotels. Inclusion of such conditions in the agreement form signed during the finalization of tender will not serve any purpose.

(8) The proposal for centralized 'Annadhanam' may be modified. Considerable quantity of food waste is generated from these 'Annadhanam' areas. Sufficient numbers of waste bins for food waste shall be placed at these locations.

(9) Sufficient number of complaint/suggestions box shall be placed at various locations so that several new suggestions can be obtained and the actual problems of the pilgrims can be collected to improve the facilities.

(10) Activities at Sabarimala, Pamba and Nilackal shall be divided in to different sectors and each sector shall be brought under the direct supervision of any TDB official. His name, designation and telephone numbers shall be displayed at each sector to have better co-ordination.

(11) Even after the augmentation of STP there can be leakes/spillage overflow from several parts of Pamba and Sannidhanam. Hence direct river treatment, one at Njunangar and other at Valiyanavattom check dam shall be considered.

## Suggestions and Recommendations—ERUMELY

Based on the periodical inspections, observations and monitoring following recommendations and suggestion are made for the better environment upkeep during next season:

(1) The hotels and other establishments set-up for the season shall be provided with adequate waste management facilities.

(2) The Panchayat authorities shall modify the existing incinerator, Solid waste generation and removal should be made systematic. Segregated waste shall be transported separately.

(3) TDB shall install and approved type incinerator to dispose the solid waste generated.

(4) Use of tiny shampoo sachet shall be banned (These tiny plastic cover are causing serious problem in waste removal). Bulk shampoo or liquid soap disposing containers shall be placed at bathing ghats for the use of pilgrims.

(5) Operation of toilets on both sides of Erumely thodu without proper waste treatment and disposal system should not be allowed.

(6) Sale of coloured powder (Kunkumam) should be restricted to organic colours to avoid air and water pollution problems.

(7) Erumely thodu shall be cleaned properly before the season to ensure free flow.

(8) Discharges from all toilet complexes owned by TDB should be treated in the STP and dispose safely. Additional modules treatment units shall be established on need base and effluents from all toilet blocks (private TDB owned) shall be treated before disposal.

(9) Ample shower bath facilities may be provided along with facility to treat the wash water separately.

GOVERNMENT OF KERALA

**Abstract**

ENVIRONMENT DEPARTMENT—SABARIMALA ZERO WASTE MANAGEMENT SCHEME—FUNDS RELEASED—ORDERS ISSUED—MODIFIED—ORDERS ISSUED

ENVIRONMENT (A) DEPARTMENT

G.O. (Ms.) No. 12/2013/Envt. *Dated, Thiruvananthapuram, 24th December, 2013.*

*Read*:— 1. G.O. (Ms.) 06/12/Envt. dated 31-3-2012.

2. Letter No. DM2-13854/12 dated 20-5-2013 from the District Collector, Pathanamthitta.
3. Minutes of the meeting held by Hon'ble Chief Minister on 9-5-2012 to review the activities under NRCP and NLCP.
4. G.O. (Ms.) No. 09/13/Envt. Dated 25-9-2013.
5. Government letter No. 1705/A2/12/Envt. dated 27-11-2013 sent to the District Collector, Pathanamthitta.
6. Letter No. CAC.32/2013 dated 29-11-2013 from the District Collector, Pathanamthitta.

ORDER

As per the Government Order read as 1st paper above an amount of ₹ 5 crores (Rupees Five crores only) had been sanctioned for implementation of 'Sabarimala Zero Waste Management Scheme' specifying allocation for each item of works. As for the utilization of the amount, it had been ordered in para 6 (3) thereof that each and every project should be approved by the High Power Committee, Sabarimala Master Plan and this amount shall be utilized only for such projects as approved by the High Power Committee.

2. On review of utilization of the funds released by Government for the 'Sabarimala Zero Waste management Scheme' it is seen that a substantial portion of the amount (₹ 4.43 crore) is still kept in the Special Treasury Savings Bank account of District Collector, Pathanamthitta unutilized. Reason for tardy utilization of fund is mainly attributed to the above condition stipulated in the Government Order read as 1st paper above. Government finds no justification in keeping the sanctioned funds unutilized despite clear guidelines, and even after two pilgrimage seasons.

3. In the above circumstances, Government hereby revoke the condition in para 6 (3) of the Government Order read as 1st paper above and also order that the District Collector, Pathanamthitta may utilize the unspent balance for the implementation of Sabarimala Zero Waste management Scheme as sanctioned in the said Government order and/or for environment related sanitation and hygiene issues on the current pilgrimage season or to implement the pollution mitigation activities ordered in the Government Order read as third paper, without seeking approval of the High Power Committee for Sabarimala Master Plan, but in accordance with the above Government Orders.

4. The Government Order read as 1st paper above stands modified to the above extent.

5. The District Collector, Pathanamthitta shall furnish quarterly report on utilization of funds released as per the Government Order read as first paper.

By order of the Governor,

G. RAJEEV,
*Additional Secretary to Government.*

To

The District Collector, Pathanamthitta

The Commissioner, Devaswom Board, Travancore, Nanthancode, Kowdiar, Thiruvananthapuram

The Secretary, Revenue (Devaswom) Department

The Principal Accountant General (Audit/A&E), Kerala, Thiruvananthapuram

The Chairman, Kerala State Pollution Control Board, Thiruvananthapuram

The Director, Directorate of Environment & Climate Change, Thiruvananthapuram

The Director of Treasuries, Thiruvananthapuram

The District Treasury Officer, Thiruvananthapuram

The District Treasury Officer, Pathanamthitta

The Finance Department

The Revenue (Devaswom) Department

Stock File/Office Copy.